ലക്കം
105


# ലിറ്റിൽ മാസിക

ഫെബ്രുവരി 2009



## ലാറി ബേക്കർ

മണൽ ഉൾപ്പെടെയുള്ള പ്രകൃതിവിഭവങ്ങൾ പരമാവധി കുറച്ച് ഉപയോഗിക്കുന്ന ബേക്കർ ശൈലിയിലുള്ള കെട്ടിട നിർമ്മാണം പിന്തുടർന്നാൽ നമുക്ക് നമ്മുടെ അവശേഷിക്കുന്ന നദികളെയെങ്കിലും സംരക്ഷിക്കാം. നമ്മുടെ കുന്നിൻ ചരിവുകൾ ഇടിച്ചു തകർക്കാതെ നില നിർത്താം.



# നമ്മുടെ കുട്ടികൾ മണ്ണിൽ കളിക്കട്ടെ

നിങ്ങളുടെ മുറ്റം കോൺക്രീറ്റ് കൊണ്ടോ ടൈലുകൾ കൊണ്ടോ പ്ലാസ്റ്റർചെയ്യുമ്പോൾ ശ്രദ്ധിക്കുക! മണ്ണിൽ ചവിട്ടാനുള്ള നിങ്ങളുടെ കുട്ടികളുടെ അവസരമാണ് ഇല്ലാതാകുന്നത്. വല്ലപ്പോഴുമെങ്കിലും നമ്മുടെ കുട്ടികൾ മണ്ണിൽ ചവിട്ടട്ടെ. വേണമെങ്കിൽ മണ്ണിൽ കളിക്കുകയും ആവാം. പറ്റിയാൽ കുഴിയാനകളെ കാട്ടിക്കൊടുക്കുകയുമാവാം.

## ഇരക്കും വേട്ടക്കാരനുമിടയിൽ

വര : ഡോ.റ്റി.റഹിമാൻ





## 'യെല്ലോ ഹൗസ്'

### ജീവിതത്തെ സ്നേഹിക്കാൻ പഠിപ്പിക്കുന്ന സിനിമ

2009 ഫെബ്രുവരി

ലക്കം

105

ലിറ്റിൽ മാസിക
ചുങ്കത്തറ പി.ഒ.
മലപ്പുറം - 679934
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

ചീഫ് എഡിറ്റർ
**ബിജു ജോൺ**
കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**
മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**
എക്സിക്യുട്ടീവ് എഡിറ്റർ
**പി.എം. ജോൺ**
പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**മനോഹർ വർഗീസ്**
**ചന്ദ്രബാബു തൃക്കലങ്ങോട്**
സ്പെഷൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**
ലേഔട്ട് & ഡിസൈനിംഗ്
**അരുൺ പുൽപ്പറ്റ**

●

1992 ൽ ദൃഷ്ടി എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ചു. 1993 മുതൽ ലിറ്റിൽ മാസിക എന്ന പേരിൽ രജിസ്റ്റർ ചെയ്ത മാസികയായി പ്രസിദ്ധീകരിച്ചു വരുന്നു.

ചെറിയ മനുഷ്യർ, കൊച്ചുപ്രസ്ഥാനങ്ങൾ, ചെറുതെങ്കിലും ആത്മാർത്ഥമായ ജനകീയ ഇടപെടലുകൾ പൂവ്, കാട്, പുഴ, ചെറുജീവികൾ, ദൃഷ്ടിഗോചരമല്ലാത്ത പ്രാണികൾ അങ്ങനെ ചെറുതും സുന്ദരവും സ്ഥായിയായി നിലനിൽക്കുന്നതുമായ ജീവിതത്തിന്റെ വിവിധ ഭാവങ്ങൾ...! ഇവയെക്കുറിച്ചെല്ലാമാണ് ഈ പത്രം വിചാരപ്പെടുന്നത്.

●

"ചെറിയ കാര്യങ്ങളിൽ വിശ്വസ്തത കാ ണിക്കുന്നവരെ വലിയകാര്യങ്ങളുടെ കാര്യ വിചാരകൻമാരാക്കും."

***ബൈബിൾ***

## Copyleft

ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. ആർക്കും രചനകൾ യഥേഷ്ടം ഉപയോഗിക്കാവുന്നതാണ്. രചയിതാവിന്റെ പേര് സൂചിപ്പിക്കണമെന്ന് മാത്രം.



# നടുറോഡിലെ ഹിംസ

2009 ജനുവരിയിലെ ആദ്യ ആഴ്ചയിലെ ഒരു ദിവസം മലപ്പുറം ജില്ലയിൽ ചുങ്കത്തറ മുട്ടിക്കടവ് ഊട്ടി-കോഴിക്കോട് സംസ്ഥാനപാതയിൽ ഒരു കാർ ബൈക്ക് യാത്രക്കാരനെ ഇടിച്ചുതെറിപ്പിക്കുകയും ബൈക്ക് യാത്രികനായ തമിഴ്നാട് സ്വദേശി സ്ഥലത്ത് വച്ച് തന്നെ മരണപ്പെടുകയും ഉണ്ടായി. ദിവസവും കേരളത്തിലെ റോഡുകളിൽ അരങ്ങേറുന്ന വാഹനാപകടങ്ങളിൽ ഒന്ന് മാത്രം എന്നെണ്ണി അവഗണിക്കാൻ വരട്ടെ. അൽപ്പം ചില ചിന്തകൾ നമ്മുടെ വാഹനങ്ങളെക്കുറിച്ച്, റോഡ് യാത്രകളെക്കുറിച്ച് .

അപകടത്തിൽപ്പെട്ട വാഹനം ആർഭാട കാറുകളുടെ ഗണത്തിൽപ്പെടുന്ന ടൊയോട്ട കൊറോള ആൾട്ടിസ് കാറാണ്. മികച്ച നിരത്തുകളിൽ മണിക്കൂറിൽ 200 കി.മീറ്റർ വേഗതയിലും സുരക്ഷിതമായി സഞ്ചരിക്കാവുന്ന കാറാണത്. എല്ലാ ആധുനിക സുരക്ഷാ സംവിധാനങ്ങളും ഏത് അപകടഘട്ടത്തിലും യാത്രക്കാരുടെ (മറ്റു വാഹനങ്ങളിലെയല്ല) ജീവൻ സംരക്ഷിക്കുവാൻ സജ്ജീകരിച്ചിട്ടുള്ള ഈ കാറിന്റെ വില 14 ലക്ഷം രൂപയോളമാണ്. ഈ കാറിന്റെ ഒരു പ്രത്യേകത ഇതിനകത്തെ 'എയർബാഗ്' സംവിധാനമാണ്. വാഹനം എന്തെങ്കിലും അപകടത്തിൽപ്പെട്ടാൽ ഉടൻ മുൻവശത്ത് സ്റ്റിയറിംഗിന്റെ ഭാഗത്തു നിന്ന് വായു നിറച്ച എയർബാഗ് വന്ന് യാത്രക്കാരനെ പൊതിഞ്ഞ് അപകടത്തിന്റെ ആഘാതത്തിൽ നിന്ന് രക്ഷിക്കും. ഈ സൗകര്യം ഇപ്പോൾ പല വാഹനങ്ങളിലും ലഭ്യമാണ്. ഇനി മേൽ പറഞ്ഞ സംഭവത്തിലേക്ക് വരാം.

> **സ്വന്തം വാഹനം തരുന്ന അമിത സുരക്ഷിതബോധം റോഡിലെ ചെറുവാഹനക്കാരനേയും കാൽനടക്കാരനേയും അപകടത്തിലാക്കുന്ന കാഴ്ച നിത്യേന നമ്മുടെ നിരത്തുകൾ സാക്ഷ്യം വഹിക്കുന്നു.**

അതിവേഗതയിൽ തികഞ്ഞ അശ്രദ്ധയിൽ ചീറിപ്പാഞ്ഞു വന്ന കാർ റോഡിൽ തന്റെ ഭാഗം ചേർന്ന് എതിരെ വരികയായിരുന്ന ബൈക്ക് യാത്രക്കാരനെ തട്ടിത്തെറിപ്പിച്ച് എതിർ സൈഡിലേക്ക് തിരിഞ്ഞ് കുതിച്ചുകുത്തി നിന്നപ്പോഴേക്കും പാവം ബൈക്ക് യാത്രക്കാരന്റെ ജീവൻ പൊലിഞ്ഞിരുന്നു. കൊലപാതകിയായ കാർയാത്രക്കാരനെ വാഹനത്തിലെ വായു നിറച്ച ബലൂൺ പൊതിഞ്ഞ് സുരക്ഷിതനാക്കി. ഒരു പോറൽ പോലും പറ്റാതെ അയാൾ സ്ഥലം കാലിയാക്കുകയും ചെയ്തു. ഈ അപകടം ഉണ്ടാവുന്നതിനും തൊട്ടു മുമ്പ് ഈ കാർ യാത്രക്കാരൻ മറ്റൊരു അപകടം കൂടി വരുത്തി പോലീസിന്റെ വലയിൽ നിന്നും രക്ഷപ്പെട്ട് വരികയായിരുന്നത്രേ ! 14 ലക്ഷം രൂപയുടെ കാറ് നൽകുന്ന സുരക്ഷിതത്വബോധം യാത്രക്കാരനെ ഉൻമാദിയാക്കകയായിരുന്നു. താരതമ്യേന സൗകര്യങ്ങൾ കുറഞ്ഞ ഒരു വാഹനത്തിലാണെങ്കിൽ തന്റെ കൂടി ജീവൻ അപകടത്തിൽ ആകും എന്ന ചിന്തയിലെങ്കിലും ഇയാൾ അൽപ്പം കൂടി ശ്രദ്ധിച്ച് വാഹനം ഓടിക്കുമായിരുന്നില്ലേ ? വിദേശങ്ങളിൽ പത്ത് വരി പാതകളിലും മറ്റും ഉപയോഗിക്കാവുന്ന ഇത്തരം വാഹനങ്ങൾ നമ്മുടെ നാട്ടിലെ നിരത്തുകൾക്ക് ചേരുന്നതാണോ എന്ന് ആലോചിക്കേണ്ടതല്ലേ ? സ്വന്തം വാഹനം തരുന്ന അമിത സുരക്ഷിതത്വബോധം റോഡിലെ ചെറുവാഹനക്കാരനേയും കാൽനടക്കാരനേയും അപകടത്തിലാക്കുന്ന കാഴ്ചകൾക്ക് നിത്യേന നമ്മുടെ നിരത്തുകൾ സാക്ഷ്യം വഹിക്കുന്നു. അതിവേഗത ജീവിതമുദ്രയായി മാറുന്ന ഒരു കാലത്ത് റോഡുകൾ അപകടങ്ങളുടെയും നരഹത്യകളുടെയും കൂടി ഇടമാകുന്നു.

## പ്രചോദനം



# ലാറി ബേക്കർ

കേരളത്തേയും മലയാളിയേയും സ്നേഹിച്ച ലാറിബേക്കർ ഒരു പരിസ്ഥിതിവാദി എന്നോ സാമൂഹിക പ്രവർത്തകൻ എന്നോ ഒരിക്കലും അറിയപ്പെട്ടിരുന്നില്ല. അങ്ങനെ സ്വയം അറിയപ്പെടാൻ ആഗ്രഹി ച്ചിരുന്നുമില്ല. എന്നാൽ ഏത് പരിസ്ഥിതിയെ പ്രവർത്തകനേക്കാളും കൂടുതൽ ക്രിയാത്മകമായി പ്രായോഗികമായി പരിസ്ഥിതി സ്നേഹിക്കുകയും സേവിക്കുകയും ചെയ്തു അദ്ദേഹം. വിഭവങ്ങൾ പരമാവധി കുറച്ച് ഉപയോഗിക്കുകയും പ്രകൃതിയെ പരമാവധി ദ്രോഹിക്കാതെ കലാത്മകത കൊണ്ടും എളിമകൊണ്ടും മാത്രം 'ധാരാളിത്തം' കാട്ടുന്ന വീടു നിർമ്മാണം മലയാളിയെ ബോധ്യപ്പെടുത്തുകവഴി കേരളത്തിലെ ഏതുസാമൂഹിക പ്രവർത്തകനെക്കാളും ഫലപ്രദമായി സാമൂഹിക നവോത്ഥാനത്തിന് സ്വയം ചാലക ശക്തിയായി. വീട് നിർമ്മാണം ധൂർത്തിന്റെ പര്യായമായി മാറിയ ഈ കാലത്ത് നിന്ന് ചിന്തിക്കുമ്പോൾ ലാറിബേക്കറിൽ നിന്നും പാഠം പഠിക്കാ ത്തവരായി നാം നമ്മെ തന്നെ അടയാളപ്പെടുത്തേണ്ടിവരുന്നു.

ഏത് വേനൽകാലത്തും ഫാൻ ഇല്ലാതെ കഴിച്ചുകൂട്ടാവുന്ന പല കെട്ടിടങ്ങളും ബേക്കർ പണിതിട്ടുണ്ട്. പ്രദേശികമായി കിട്ടാവുന്ന വിഭങ്ങൾ ഉപയോഗിച്ച് കെട്ടിട നിർമ്മാണം നടത്തിയിരുന്ന ബേക്കർ സായ്പ്പാണ് മലയാളിയെ കേരളത്തിന്റെ തനതു വാസ്തു ശില്പസങ്കൽപ്പങ്ങളെക്കുറിച്ച് പഠിപ്പിച്ചത് എന്നത് ഒരു വിരോധാഭാസമായിതോന്നും.

മണൽ ഉൾപ്പെടെയുള്ള പ്രകൃതിവിഭവങ്ങൾ പരമാവധി കുറച്ച് ഉപയോ ഗിക്കുന്ന ബേക്കർ ശൈലിയിലുള്ള കെട്ടിട നിർമ്മാണം പിന്തുടർന്നാൽ നമുക്ക് നമ്മുടെ അവശേഷിക്കുന്ന നദികളെയെങ്കിലും സംരക്ഷിക്കാം. നമ്മുടെ കുന്നിൻ ചരിവുകൾ ഇടിച്ചു തകർക്കാതെ നില നിർത്താം. പോക്കറ്റിനനുസരിച്ച് വീട് വെച്ച് കടക്കെണിയിൽ പെടാതെ കഴിയാനും ബേക്കറെ ഓർത്തേപറ്റൂ.

*ലാറിബേക്കർ (ലോറൻസ് വിൽ ഫ്രഡ് ബേക്കർ) ഇംഗ്ലണ്ടിലെ ബർമിങ്ങ് ഹാമിൽ ജനനം. 1945ൽ ഗാന്ധിജിയുമായി നടത്തിയ കൂടിക്കാഴ്ചയെ തുടർന്ന് ഇന്ത്യയിലെത്തി. ഒന്നര പതിറ്റാണ്ടോളം ഹിമാലയൻ താഴ്വരയിൽ കുഷ്ഠരോഗികളെ ശുശ്രൂഷിച്ച് അവർ ക്കൊപ്പം കഴിഞ്ഞു. 1989ൽ ഇന്ത്യൻ പൗരത്വവും 1999ൽ പത്മശ്രീയും ലഭിച്ചു. 2007 ഏപ്രിൽ 1ന് അന്തരിച്ചു.*



ബിജു ബത്തേരി

# നമ്മുടെ കുട്ടികൾ

# മണ്ണിൽ കളിക്കട്ടെ

ബിജു ജോൺ

**നിങ്ങളുടെ മുറ്റം കോൺക്രീറ്റ് കൊണ്ടോ ടൈലുകൾ കൊണ്ടോ പ്ലാസ്റ്റർചെയ്യുമ്പോൾ ശ്രദ്ധിക്കുക! മണ്ണിൽ ചവിട്ടാനുള്ള നിങ്ങളുടെ കുട്ടികളുടെ അവസരമാണ് ഇല്ലാതാകുന്നത്. വല്ലപ്പോഴുമെങ്കിലും നമ്മുടെ കുട്ടികൾ മണ്ണിൽ ചവിട്ടട്ടെ. വേണമെങ്കിൽ മണ്ണിൽ കളിക്കുകയും ആവാം. പറ്റിയാൽ കുഴിയാനകളെ കാട്ടിക്കൊടുക്കുകയുമാവാം.**

വിശാലമായ മുറ്റം മുഴുവൻ മണ്ണിന്റെ ഒരു തരിപോലും കാണാത്ത വിധം കോൺക്രീറ്റ് കൊണ്ടോ ഇന്റർലോക്ക് ടൈലുകൾ കൊണ്ടോ പ്ലാസ്റ്റർ ചെയ്യുന്നത് നമ്മുടെ വീടുനിർമ്മാണത്തിന്റെ ഒരു ശീലമായി മാറിയിട്ടുണ്ട്. തികച്ചും വിചിത്രമായ ഒരു വൃത്തിബോധം വ്യക്തിശുചിത്വത്തിന്റെ കാര്യത്തിലും ആരോഗ്യരംഗത്തുമെന്നപോലെ നിർമ്മാണ രംഗത്തും പിടിമുറുക്കുകയാണ്. ഒരു തുള്ളി വെള്ളം പോലും ദേഹത്ത് പറ്റരുത്. കാലിൽ മണ്ണ് പറ്റരുത്. വീട്ടിൽ ഒരു തരി മണ്ണും കടന്നുകൂടാ. (രാജസ്ഥാൻമാർബിളിന്റെ വെണ്മ തലമുറകളോളം നിൽക്കണം!) ഇങ്ങനെ എത്ര എത്ര പിടിവാശികൾ, പാറ്റ,

**വിചിത്രമായ വൃത്തിബോധം തന്നെയാണ് നമ്മുടെ മുറ്റങ്ങളെ കോൺക്രീറ്റ് പ്രതലങ്ങളാക്കി ത്തീർക്കുന്നത്.**

കൂറ, കൊതുക് ഇവയെ തുരത്തണം! പരലോകത്തുനിന്ന് മാക്സിം ഗോർക്കി തന്റെ വിഖ്യാതമായ പ്രയോഗം ഇങ്ങനെ തിരുത്തും: 'മനുഷ്യൻ എത്ര വിചിത്രമായ പദം'!.

വിചിത്രമായ വൃത്തിബോധം തന്നെയാണ് നമ്മുടെ മുറ്റങ്ങളെ കോൺക്രീറ്റ് പ്രതലങ്ങളാക്കിത്തീർത്തത്. വീട്ടിൽ നിന്ന് കാറിലേക്ക്. അവിടെനിന്ന് ജോലിസ്ഥാപനത്തിലേക്ക്. ഇതിനിടയിൽ ഭൂമിയിൽ ചവിട്ടാനുള്ള ഒരു സാഹചര്യവും ഇല്ലാതാക്കാൻ ആധുനിക മലയാളി പെടാപാടാണ് പെടുന്നത്. മണ്ണിൽ ചവിട്ടാൻ പച്ചമണ്ണിന്റെ തനിമ ആസ്വദിക്കാൻ കൃഷിയിട ത്തിലേക്ക് ഒന്നും തന്നെ ഇറങ്ങേണ്ടതില്ല. പത്ത് സെന്റ് സ്ഥലത്തും വേണമങ്കിൽ ഭൂമിയുടെ, പ്രകൃതിയുടെ, പ്രവഞ്ചത്തിന്റെ തന്നെ ജൈവ സമഗ്രത അനുഭവിക്കാൻ കഴിയും. പ്രകൃതിയെ അറിയാൻ കാട്ടിലേക്ക് ഇറങ്ങേണ്ടതില്ല. ചെരുപ്പില്ലാതെ കുറച്ചു നേരം. മണ്ണിൽ ചവിട്ടിയാൽ മതി.

മണ്ണിൽ നഗ്നപാദത്തോടെ നടന്നാൽ കിട്ടുന്ന പ്രയോജനങ്ങൾ ഇതിനകം ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതാണ്. മണ്ണിൽ നിന്നും ഊർജ്ജവും ഉണർവും ലഭിക്കും. വല്ലാതെ ക്ഷീണം തോന്നുമ്പോൾ ചെരപ്പൂരി നടന്നു നോക്കിയാൽ ഇതു ബോധ്യമാകും. ദീർഘനേരം നടക്കുമ്പോൾ ക്ഷീണം മാറ്റാൻ ചെരുപ്പ് ഊരി അൽപ്പം നടന്നാൽ മതി കൂടുതൽ ഉണർവ് കിട്ടും.

പുതിയ സാഹചര്യത്തിൽ സുന്ദർലാൽ ബഹുഗുണയെപ്പോലെ ജീവിക്കാൻ പറ്റണമെന്നില്ല. പക്ഷേ നമ്മുടെ ദൈനംദിന ജീവിത ഇടപെടലുകളിൽ എടുക്കുന്ന ചില ചെറിയ തീരുമാനങ്ങൾകൊണ്ട് നമുക്ക് വിശ്വപ്രകൃതിയോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ കഴിയും

വർദ്ധിച്ച് വരുന്ന ചൂട് കണക്കിലെടുത്താൽ തന്നെ കോൺക്രീറ്റ് പ്ലാസ്റ്ററിംഗ് ചെയ്ത മുറ്റം കൂടുതൽ ചൂട് അനുഭവിപ്പിക്കും എന്നത് ഉറപ്പാണ്. പെയ്തുകിട്ടുന്ന മഴവെള്ളം ഭൂമിയിലേക്ക് ഒട്ടും താഴാതെ ഒലിച്ചുപോകും എന്നതാണ് മറ്റൊരു ദുരന്തഫലം.

വല്ലപ്പോഴുമെങ്കിലും നമ്മുടെ കുട്ടികൾ മണ്ണിൽ ചവിട്ടുകയും കളിക്കുകയും ചെയ്യട്ടെ. വേണമെങ്കിൽ മണ്ണിൽ കളിക്കുകയും ആവാം. പറ്റിയാൽ കുഴിയാനകളെ കാട്ടിക്കൊടുക്കാം.

**നമ്മുടെ ദൈനംദിന ജീവിത ഇടപെടലുകളിൽ എടുക്കുന്ന ചില ചെറിയ തീരുമാനങ്ങൾ കൊണ്ട് നമുക്ക് വിശ്വപ്രകൃതിയോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ കഴിയും**

പല കളറിൽ,പല രൂപത്തിൽ ലഭ്യമായ ഇന്റർലോക്ക് ടൈലുകൾ നമ്മുടെ മനസിളകാതെ നോക്കിയാൽ. ഭൂമിയുടെ ജൈവ ഭാവം നമ്മുടെ മുറ്റത്ത് നില നിർത്താം. കുഴിയാനയും, മണ്ണട്ടകളും, പുൽച്ചാടിയും അവശേഷിക്കുന്നെങ്കിൽ അവ നമ്മുടെ ഇത്തിരി മുറ്റത്ത് ജൈവസമഗ്രതയുടെ ഒരു ചെറുലോകം തീർക്കും.

## വായനയുടെ പക്ഷം

വായനക്കാരുടെ പ്രതികരണങ്ങൾ തപാലിൽ,ടെലഫോണിൽ, SMSൽ, മെയിലിൽ,നേരിൽ........

ലിമാ ഡിസംബർലക്കം കിട്ടാതെ വന്നപ്പോൾ എഴുതാനിരിക്കുമ്പോഴാണ് ജനുവരി ലക്കം വന്നത്. റിയാന്റെ കഥക്ക് ശേഷം ലിമായിൽ വന്ന കവർസ്റ്റോറികളിൽ ഗംഭീരമായത് മൂങ്ങകവർച്ചയെക്കുറിച്ചുള്ള ലേഖനമായിരുന്നു.

*അനീഷ് ജോസഫ്, പനമരം, വയനാട്*

മൂങ്ങപ്പിടുത്തക്കാരെക്കുറിച്ച് കേട്ടിരുന്നു. ഇത്രയും വ്യാപ്തി അതിനുണ്ടെന്ന് ഇപ്പോഴാണ് അറിയുന്നത്.

*ബാലകൃഷ്ണൻ വളപ്പിൽ*
*നെസ്റ്റ്, കാവുങ്ങൽ, മലപ്പുറം.*

ലിറ്റിൽ മാസിക ഓരോ ലക്കവും മെച്ചപ്പെട്ടുവരുന്നു. ജനുവരിലക്കത്തിൽ ജോൺസിയുടെ കുറിപ്പിൽ 1976ൽ ലോസ്ഏഞ്ചൽസ് നഗരത്തിലെ ഡോക്ടർമാർ പണിമുടക്കിയ അഞ്ചാഴ്ചക്കാലം ആസ്പത്രികളിലെ മരണനിരക്ക് കുറഞ്ഞുവെന്ന് പറയുന്നകാര്യം വളരെ ശ്രദ്ധേയമായി.

*സെബാസ്റ്റ്യൻ വലിയകാല*
*വോയ്സ് മാഗസിൻസ്, മഞ്ചേരി.*

പൂക്കളോടും പൂമ്പാറ്റകളോടും യാത്ര പറഞ്ഞ് വീണ്ടും മഹാ നഗരത്തിൽ തിരിച്ചെത്തി. എങ്കിലും മാമലകൾക്കപ്പുറത്തുള്ള കൊച്ചുകേരളത്തെ മുഴുവനും എന്റെ ആകാരത്തിൽ ചെറു തെങ്കിലും ഭൂമി മുഴുവൻ ഉൾക്കൊള്ളാൻ കഴിവുള്ള ഹൃദയത്തിൽ ആവാഹിച്ചിട്ടുണ്ട്. ലിമാ രണ്ടുലക്കങ്ങൾ അയച്ചിരുന്നത് ഇവിടെയെത്തിയപ്പോൾ കിട്ടി. നന്ദി! വരിസംഖ്യ ഉടനെ അയച്ചുതരാം. ഓരോ പുൽക്കൊടിയുടെയും ചെറുജീവിയുടേയും സാന്നിദ്ധ്യം നമ്മുടെ നിലനിൽപ്പിന് ആവശ്യമാണെന്ന തിരിച്ചറിവോടെ നമുക്ക് ജീവിക്കാം. അതിനായി ലിറ്റിൽമാസിക ഉപകരിക്കട്ടെ.

*ദേവസ്യ.എം.എം, ഡൽഹി*

അക്ഷരത്തെറ്റുകളുടെ പിടിയിൽ നിന്ന് ലിമാക്ക് ഇപ്പോഴും മോചനമാകുന്നില്ലേ?

*ഡോ:ഷാഹുൽ അമീൻ കട്ടപ്പന, ഇടുക്കി*

നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പ്രകൃതിമൂല്യങ്ങളെ കുറിച്ച് ഓർമ്മപ്പെടുത്തുന്ന മണ്ണിനെയും കൃഷിയെയും സ്നേഹിക്കുന്ന ലിറ്റിൽ മാസികക്ക് ഭാവുകങ്ങൾ.

*രാജുജോൺ, സെൻട്രൽ ജയിൽ*
*കണ്ണൂർ*

അനുഭവം

# സത്യം സൂക്ഷിക്കുന്ന കോന്തല

ടി.പി.പത്മനാഭൻ

**ജീവിതയാത്രയിൽ സത്യം ചെക്കുബുക്കിനേക്കാൾ ഉപകരിക്കുമെന്ന് വി.ടി.ഭട്ടതിരിപ്പാട് എഴുതിയിട്ടുണ്ട്. സത്യം ഹൃദയത്തിൽനിന്നു വരുന്നുവെന്ന് ഇൻഫോസിസ് ഫൗണ്ടേഷന്റെ ഡയറക്ടർ സുധാമൂർത്തിയും എഴുതിയിട്ടുണ്ട്. ഇവ രണ്ടും വായിക്കുകയും കുട്ടികൾക്ക് പറഞ്ഞുകൊടുക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും ഒരു മനുഷ്യനെ സത്യരൂപത്തിൽ കാണുന്നത് ആദ്യമായിരുന്നു.**

കുന്ന് കയറി മറിയുമ്പോഴേ ദൂരെ കാടുകാണാം. പിന്നെ ഒറ്റയടിപ്പാതയാണ്. ഏതോ ചെറുമർ നടന്നുപോയ വഴി.

പിന്നെ ചൂടറിയില്ല. തണുത്ത കാറ്റുമാത്രം. തൊട്ടടുത്തായി തെളിനീരൊഴുക്കിപ്പോകുന്ന കടലിനെത്തേടിപ്പോകുന്ന ഒരരുവിയുണ്ടെന്ന് അറിയിക്കുന്ന കാട്ടുചോലയുടെ സംഗീതം. കിളികളും സജീവമാകുന്നൊരിടം.

തളിർത്തും പൂത്തും ഏഴല്ല ഏഴായിരം വർണങ്ങളിൽ ഇളംകാറ്റിൽ ആടിയുലയുന്ന കാടിന്റെ തലപ്പ്. കാട് കറുത്തിട്ടാണെന്നും പച്ചയാണെന്നുമൊക്കെ ആരാണ് പറഞ്ഞത്?

പിന്നെ കാടിനുള്ളിലൂടെയായി യാത്ര. പിടിച്ചാൽ പിടിയെത്താത്ത മാമരങ്ങൾ. അവയെ താങ്ങിനിർത്തുന്ന വള്ളിക്കെട്ടുകൾ. അടിമുതൽ മുടിവരെ ജീവമയം. കാട്ടട്ടകൾ രക്തം കുടിക്കുന്നെതൊന്നും ആ നിർവൃതിയിലറിയില്ല.

അദ്ധ്യാപകരും കുട്ടികളുമായി അൻപതോളം പേരുണ്ട് ഒപ്പം. സന്ധ്യയോടെ എല്ലാവരും സഹവാസകേന്ദ്രത്തിലെത്തി. ചുറ്റും മലകളും കാടുകളും, കാട്ടു പരദേവതകളെ ആരാധിക്കുന്ന ഏതാനും ചെറുമക്കുടികൾ മാത്രം മനുഷ്യരുടേതായി. കാടിന്റെ മക്കളും നഗരമക്കളുമായൊത്ത് മൂന്നുദിവസം. കുട്ടികളും ആദ്ധ്യാപകരും വെള്ളൂർ ഗവ.ഹൈസ്കൂളിലേതായിരുന്നു.

സഹവാസത്തിന് വരുന്നവർ തിളങ്ങുന്ന വസ്ത്രങ്ങളും ആഭരണങ്ങളും ധരിക്കരുതെന്നും വാസനാദ്രവ്യങ്ങൾ പുരട്ടരുതെന്നുമൊക്കെ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ബഹുഭൂരിഭാഗം പേരും അത് പാലിച്ചു. എന്നിട്ടും ഒരു പെൺകുട്ടി ധരിച്ചിരുന്ന ഒരു കൊച്ചു കടുക്കൻ എവിടെയോ കളഞ്ഞുപോയി.

ഭക്ഷണം കഴിക്കുന്നിടത്താണത്രെ കളഞ്ഞുപോയത്. തീൻമേശ ഒരു പുൽമെത്തയാണ്. കാട്ടുപുല്ല് വളർന്ന് വിത്ത് കൊഴിഞ്ഞുനിൽക്കുന്ന അവസ്ഥയിൽ അതിന്മേൽ ചമ്രംപടിഞ്ഞിരുന്ന് ഒരന്നവും കളയാതെ കഴിക്കാൻ പഠിക്കുന്ന സമയത്താണ് ഒരു കടുക്കൻ നഷ്ടപ്പെട്ടത്. കുട്ടിയെ അനുഗമിച്ച ടീച്ചർക്കാണ് ഏറെ വിഷമം. പുല്ലിലെവിടെയാണ് കൊച്ചുകടുക്കൻ അന്വേഷിക്കുക?.

'മാഷെ മലയെച്ചിക്കുവേണ്ടി നാളെ വെളക്കുവെക്കാം. വീണതു കിട്ടും' ചെറുമ മൂപ്പൻ വീരന്റെ വാക്കുകളെ ആരും ഗൗനിച്ചില്ല. വീരനും ചെറുമരും അടുത്ത സന്ധ്യയിൽ മലയക്ഷിയെ പ്രാർത്ഥിച്ച് വിളക്കുവച്ചു.

പിറ്റേദിവസം ഞങ്ങൾ കാടിറങ്ങി. ഏപ്രിൽ ഒടുവിൽ തുടങ്ങി കാട്ടിലെങ്ങും നല്ല മഴപെയ്തു. ആനയും മാനും കാട്ടുനായയുമൊക്കെ ആ വഴി നടന്നുപോയി.

പിന്നെ മറ്റൊരു സംഘവുമായി കാട്ടിലെത്തിയത് ഡിസംബറിലെ ക്രിസ്തുമസ് അവധിക്കാലത്താണ്. സന്ധ്യയ്ക്കു നല്ല തണുപ്പുണ്ട്. സ്വെറ്ററും കമ്പിളിയുമൊന്നും നഗരത്തിൽനിന്നു വന്നവർക്ക് മതിയാവുന്നില്ല.

സഹവാസത്തിന്റെ ആമുഖം തുടങ്ങുമ്പോഴാണ് വീരനും ചെറുമരും എത്തിയത്. ഉടുത്ത തോർത്തുമുണ്ടിന്റെ കോന്തലയഴിച്ച് മൂപ്പൻ ഒരു കടുക്കൻ എന്റെ മുമ്പിൽ വച്ചു.

അന്ന് മാഷ് പോയപ്പം തന്നെ കിട്ടീനി.

എന്റെ ഹൃദയത്തിലൂടെ ഒരു മിന്നൽ പാഞ്ഞു. എല്ലാ മലദൈവങ്ങളുടേയും വിശ്വാസത്തിലർപ്പിതമായ സത്യത്തിന്റെ പ്രത്യക്ഷപ്പെടൽ. സത്യം സൂക്ഷിക്കുന്ന മനസ്സ്. സത്യം സൂക്ഷിക്കുന്ന ഉടമുണ്ടിന്റെ കോന്തല.

ഒരു പുൽമേടിൽ വീണുപോയ ഒരു കൊച്ചുകടുക്കൻ കണ്ടുപിടിക്കുക. താമസിക്കാൻ ഒരു കൊച്ചു കൂരപോലുമില്ലാത്തവൻ അന്യന്റെ ഈ മുതലെങ്ങനെ സൂക്ഷിക്കും ഇതെങ്ങനെ ഭദ്രമായി തിരിച്ചുനല്കും? ഉടുമുണ്ടിനു മറുമുണ്ടില്ലാത്ത ഇവരത് ഒൻപതു മാസക്കാലം സൂക്ഷിച്ചുവച്ച് മടക്കി നല്കിയെന്നത് എന്നെ വല്ലാതെയുലച്ചു. ഈ മുതൽ കോന്തലയിൽ കെട്ടി ഇവരെത്രയോ ദിവസം പട്ടിണികിടന്നിട്ടുണ്ട്. വിശന്നുവലയുന്ന തന്റെ കുട്ടികളെ കാണുമ്പോൾ ഇതുവിറ്റ് കിട്ടുന്നതുകയ്ക്ക് അരിവാങ്ങിക്കാമെന്ന് എന്തുകൊണ്ടവർക്ക് തോന്നിയില്ല.

ജീവിതയാത്രയിൽ സത്യം ചെക്കു ബുക്കിനേക്കാൾ ഉപകരിക്കുമെന്ന് വി.ടി.ഭട്ടതിരിപ്പാട് എഴുതിയിട്ടുണ്ട്. സത്യം ഹൃദയത്തിൽനിന്നു വരുന്നുവെന്ന് ഇൻഫോസിസ് ഫൗണ്ടേഷന്റെ ഡയറക്ടർ സുധാമൂർത്തിയും എഴുതിയിട്ടുണ്ട്. ഇവ രണ്ടും വായിക്കുകയും കുട്ടികൾക്ക് പറഞ്ഞുകൊടുക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും ഒരു മനുഷ്യനെ സത്യരൂപത്തിൽ കാണുന്നത് ആദ്യമായിരുന്നു.

*(കടപ്പാട് : പൂർണോദയ മാസിക)*

ഗ്രീൻ എഡിറ്റോറിയൽ

# സൈക്കിൾ യുഗം

എണ്ണ കത്തിച്ചോടുന്ന വാഹനങ്ങൾ ആഗോള താപനത്തിനു ശക്തിപകരുന്ന പ്രമുഖ കാരണങ്ങളിലൊന്നാണ്. കാറുകളുടെ എണ്ണം കൂടുമ്പോൾ അന്തരീക്ഷത്തിലേക്കു വിടുന്ന കാർബൺ ഡയോക്സൈഡ് പോലുള്ള വിഷവാതകങ്ങളുടെ അളവും വർധിക്കുന്നു. ഈയൊരു യാഥാർഥ്യം അംഗീകരിക്കാതെയാണ് ഇന്ത്യയും ചൈനയും ഇപ്പോൾ കാറുകളുടെ പിന്നാലെ പോവുന്നത്. പക്ഷേ, യൂറോപ്യൻമാർ നേരെമറിച്ചാണ്. അവർ കഴിയുന്നത്ര യാത്ര സൈക്കിളിലാക്കുന്നതിനെപ്പറ്റിയാണു ചിന്തിക്കുന്നത്. ജർമനിയിൽ മാത്രം 68ദശലക്ഷം സൈക്കിളുകൾ ഉപയോഗത്തിലുണ്ട്. അതുകൊണ്ട് ഏതാണ്ട് 30 ലക്ഷം ടൺ കാർബൺ ഡയോക്സൈഡ് അന്തരീക്ഷത്തിൽ തള്ളുന്നതു തടയാൻ പറ്റുന്നു. നെതർലൻഡ്സ്, ഫ്രാൻസ് പോലുള്ള പല യൂറോപ്യൻ നഗരങ്ങളിലും സൈക്കിളുകളെ ഉദ്ദേശിച്ചുള്ള ട്രാഫിക് സിഗ്നലും പാതകളുമുണ്ട്.

ആഫ്രിക്കയിലായിരുന്നു സൈക്കിളുകൾ കുറവ്. നല്ല റോഡുകളില്ലാത്തതും വലിയ ചൂടും കാരണം സൈക്കിളുകൾ ഉപയോഗിക്കാൻ ആഫ്രിക്കക്കാർ മടിച്ചുനിന്നിരുന്നുവെങ്കിലും ഇപ്പോഴതിനു മാറ്റംവരുകയാണ്. എണ്ണയ്ക്ക് വില കൂടുന്നതും സൈക്കിളുകൾക്കു വിലയും ചെലവും കുറവായതും കാരണമായി. കെനിയയിലും ഘാനയിലും സൈക്കിളുകളുടെ ഉപയോഗം കൂടിവരുന്നു. മുളകൊണ്ട് നിർമ്മിച്ച ഫ്രെയിമുള്ള സൈക്കിളുകൾ ഒരു ഫാഷൻ സ്റ്റേറ്റ്മെന്റായി ചിലയിടങ്ങളിൽ ഉപയോഗിക്കുന്നുണ്ട്. പേടിക്കേണ്ട, ഉരുക്കുകുഴലുകളേക്കാൾ ഉറപ്പുള്ളതാണ് മുള. നല്ല ഉറപ്പുള്ള സ്വാഭാവിക നാരും റസീനും ഉപയോഗിച്ച് മുളകൊണ്ടു നിർമിക്കുന്ന സൈക്കിൾ ഏതാണ്ട് ആയിരം രൂപയ്ക്ക് ഘാനയിൽ വിൽക്കുന്നുണ്ട്.

ഇന്ത്യക്കാർ സൈക്കിൾ തിരിച്ചുപിടിക്കാൻ വായു മുഴുവൻ പുകകൊണ്ട് മലിനമാവുന്നതുവരെ കാത്തിരിക്കണമെന്നില്ല.

*(തേജസ്സ് - മുഖപ്രസംഗം)*

ജർമനിയിൽ മാത്രം 68 ദശലക്ഷം സൈക്കിളുകൾ ഉപയോഗത്തിലുണ്ട്. അതുകൊണ്ട് ഏതാണ്ട് 30 ലക്ഷം ടൺ കാർബൺ ഡയോക്സൈഡ് അന്തരീക്ഷത്തിൽ തള്ളുന്നതു തടയാൻ പറ്റുന്നു.






# ഇരക്കും വേട്ടക്കാരനുമിടയിൽ

ഒരു കിളിക്കുഞ്ഞിന്റെ ദീനമായ കരച്ചിൽ കേട്ടാണ് വായനയിൽ മുഴുകിയ ഞാൻ ഉണർന്നത്. അയൽവാസിയായ ഹനീഫയും ഭാര്യയും ഒച്ചവെച്ച് ഓടുന്നുമുണ്ട്. നോക്കുമ്പോഴുണ്ട് ഒരു പൂച്ച വായിൽ കടിച്ചു പിടിച്ച് കുട്ടുറുവൻ കുഞ്ഞിനെയും കൊണ്ട് കുതിച്ചു വരികയാണ്. പൂച്ചയുടെ വായിൽപ്പെട്ട് കിളി പിടഞ്ഞ് കരയുന്നു! എങ്ങനെയെങ്കിലും കിളിയെ രക്ഷപ്പെടുത്താനുള്ള വെമ്പലോടെ പിന്നാലെ കൂടിയ അയൽക്കാരെ കബളിപ്പിച്ച് പൂച്ച നേരെ വന്നെത്തിയത് എന്റെ മുമ്പിലേക്കാണ് 'പൂച്ച്' എന്നു ഞാൻ വിളിച്ച് ചാടിയതും അത് ഇരയെ എന്റെ മുമ്പിലുപേക്ഷിച്ച് ഓടിമറയുകയും ചെയ്തു. പ്രാണൻ തിരിച്ചു കിട്ടിയ മാത്രയിൽ കിളി പറന്നു രക്ഷപ്പെടുകയും ചെയ്തു. ഞാനുമെന്റെ അയൽക്കാരും കിളി രക്ഷപ്പെട്ടതിലുള്ള ആശ്വാസം പങ്കുവെച്ചു.

അധികസമയം കഴിയും മുമ്പേ എന്റെ മനസ്സിൽ ഒരു ചിന്ത അലട്ടി തുടങ്ങി. ഈ ചെയ്തത് ശരിയോ? പ്രത്യേകിച്ചും പൂച്ചയുടെ ഭാഗത്തു നിന്നുചിന്തിച്ചാൽ.. പാവം! അത് എത്ര പ്രയാസത്തോടെ, ജന്മസിദ്ധമായ കഴിവുകളുപയോഗിച്ച് ഇരയെ പിടിച്ച് അന്നത്തെ ആഹാരത്തിനുള്ള വക കണ്ടെത്തിയതായിരുന്നു. ആ ഇരയെയാണ് ഞങ്ങൾ തട്ടിയെടുത്തത്.

കിളിയോട് തോന്നിയ ഓമനത്തവും സഹതാപവുമാണ് ഞങ്ങളെ ഈ പ്രവൃത്തിക്ക് പ്രേരിപ്പിച്ചതെന്ന് തീർച്ച. പൂച്ചയോടുള്ള വൈരാഗ്യമല്ല. അതേ സമയം ഒരു പൂച്ചക്കുഞ്ഞിനെ പട്ടി ആക്രമിക്കുകയാണെങ്കിൽ ഞങ്ങൾ പൂച്ചക്കുഞ്ഞിന്റെ പക്ഷത്തായിരിക്കും! ദുർബലന്റെ പക്ഷം ചേരണമെന്ന ചിന്തയായിരിക്കും സഹജമായി നമ്മുടെ ഉള്ളിൽ നിന്ന് വരുന്നത്. ഇരകളെപ്പോഴും ദുർബലരായിരിക്കും. അപ്പോൾ നാമെപ്പോഴും ഇരകളുടെ പക്ഷത്തായിരിക്കേണ്ടിവരുന്നു.

കസൻദ്സക്കീസിന്റെ 'സെയ്ന്റ് ഫ്രാൻസിസ്' എന്ന നോവലിൽ കുറുക്കന്റെ വായിൽ നിന്ന് രക്ഷപ്പെട്ടോടിയ ഒരു കാട്ടുമുയൽ ഫ്രാൻസിസിന്റെ അടുത്തെത്തുന്നുണ്ട്. തൊട്ടുപിറകിൽ കുറുക്കനുമുണ്ട്. പാവം! ജീവനുവേണ്ടി ഓടിവന്ന ഈ മുയലിനെ ഞാൻ നിനക്കുതരില്ല എന്നാണ് ഫ്രാൻസിസ് കുറുക്കനോട് പറയുന്നത്. കുറുക്കൻ ഇരതേടുകയായിരുന്നു വെങ്കിലും മുയലിനെ രക്ഷിക്കാനാണ് ദൈവം എന്റെ അടുത്തേക്ക് അതിനെ ഓടിച്ചുവിട്ടത് എന്നാണ് ഫ്രാൻസിസ് പറയുന്നത്.


ഇതു തന്നെയല്ലേ എനിക്ക് പൂച്ചയോടും പറയാനുള്ളത്. എന്റെ കൺ വെട്ടത്തിനപ്പുറത്ത് ഒരു നിലവിളി പോലും കേൾപ്പിക്കാതെ പൂച്ച എത്ര കിളികളെ പിടിച്ച് കൊന്നുതിന്നിട്ടുണ്ടാകും. എന്റെ മുമ്പിൽ വന്നപ്പോൾ മാത്രമാണ് ഞാൻ പൂച്ചയുടെ ഇര തട്ടിയെടുത്തത്. അല്ല, കിളിയെ രക്ഷപ്പെടുത്തിയത്.

പൂച്ചയുടെ ധർമ്മം പറന്നുനടക്കുന്ന കിളിയെ എല്ലാ ജന്മവാസനയും ഉപയോഗിച്ച് സമർത്ഥമായി പിടിച്ച്, രക്ഷപ്പെടാൻ പഴുതുകൾ നൽകാതിരിക്കാൻ ശ്രമിക്കുകയായിരുന്നു. കിളിയുടെ ധർമ്മം ശത്രുവിന്റെ പിടിയിലകപ്പെടാതെ പൂർണ്ണ ജാഗ്രതയോടെ ജീവിക്കുകയും പിടിയിലകപ്പെട്ടാൽ ആർത്ത് കരഞ്ഞ് സർവ്വശക്തിയും പ്രയോഗിച്ച് രക്ഷപ്പെടാൻ ശ്രമിക്കുകയും ചെയ്യുക എന്നതാണ്.

എന്റെ ധർമ്മം പ്രാണനുവേണ്ടി കരയുന്ന ദുർബ്ബല ജീവിയെ രക്ഷിക്കുകയെന്നുമായിരുന്നു.

ഞാനുൾപ്പെടെയുള്ള ഈ മൂന്നു കക്ഷികളും താന്താങ്ങളുടെ ധർമ്മം നന്നായി നിറവേറ്റിയോ എന്നതാണ് പ്രശ്നം. ധർമ്മത്തിൽ പാളിച്ചകൾ വന്നിടത്ത് പരാജയവും വന്നിട്ടുണ്ടാകാം. പൂച്ച അതിന്റെ ധർമ്മം നിറവേറ്റിയിടത്ത് പരാജയം വന്നതുകൊണ്ടായിരിക്കും ഇര നഷ്ടപ്പെട്ടത്.

എന്നെ അലട്ടിയ ചിന്തകൾക്ക് ഉത്തരം കണ്ടെത്തിയത് ഇങ്ങനെയൊക്കെയാണ്. ധർമ്മത്തിന്റെയും കർമ്മത്തിന്റെയും ശരിതെറ്റുകൾ പരിശോധിക്കാനോ കർമ്മഫലങ്ങളെ വിലയിരുത്താനോ പരിമിതമായ എന്റെ അറിവ് അനുവദിക്കുന്നില്ല. എങ്കിലും പ്രാണൻ തിരിച്ചു കിട്ടിയ സന്തോഷത്തോടെ പറന്നുയർന്ന കിളിക്കുഞ്ഞിന്റെ ചിത്രം എനിക്ക് ആനന്ദം പകരുന്നു!.



കഥ

പറയാനും
കേൾക്കാനും

## സംതൃപ്തിയുടെ വഴികൾ

ഒരിക്കൽ ഒരു മരപ്പണിക്കാരൻ ഒരു സന്യാസിയുടെ പക്കലെത്തി തന്റെ ദാരിദ്ര്യത്തെക്കുറിച്ച് പരാതികൾ പറഞ്ഞു. സന്യാസി മരപ്പണിക്കാരന് ഒരു വിദ്യ പറഞ്ഞു കൊടുത്തു. 'ഞാൻ പറയുന്ന സ്ഥലത്ത് ഒരു കുഴി കുഴിച്ചാൽ മതി അവിടെ ഇരുമ്പിന്റെ അംശമുള്ള പദാർത്ഥം കിട്ടും. അതെടുത്ത് കൊണ്ടുപോയി വിറ്റാൽ നിനക്ക് കുറച്ചുകാലം സുഖമായി കഴിയാം'. മരപ്പണിക്കാരൻ സന്യാസി പറഞ്ഞതുപോലെ ചെയ്തു. ഏതാനും നാൾകഴിഞ്ഞ മരപ്പണിക്കാരൻ സന്യാസിയുടെ അടുത്ത് എത്തി വീണ്ടും തന്റെ പ്രയാസങ്ങളെക്കുറിച്ച് പരാതി പറഞ്ഞു. സന്യാസി അയാൾക്ക് മറ്റൊരു സ്ഥലം കാണിച്ചുകൊടുത്തിട്ടു പറഞ്ഞു 'ഇവിടെ കുഴിച്ചാൽ നിനക്ക് സ്വർണ്ണത്തരികൾ കിട്ടും. അതെടുത്ത് വിറ്റ് സുഖമായി കഴിയുക'. മരപ്പണിക്കാരൻ അപ്രകാരം ചെയ്ത് സ്വർണ്ണം സമ്പാദിച്ച് ഏറെക്കാലം. സുഖമായി കഴിഞ്ഞു. അധികനാൾ കഴിഞ്ഞില്ല മരപ്പണിക്കാരൻ വീണ്ടും സന്യാസിയുടെ അടുത്തെത്തി, തന്റെ സങ്കടങ്ങളുടെ കെട്ട് വീണ്ടും അഴിച്ചു. സന്യാസി 'വീണ്ടും മറ്റൊരിടം കാട്ടിക്കൊടുത്ത് അവിടം കുഴിച്ച് രത്നങ്ങൾ എടുത്തുകൊള്ളാൻ പറഞ്ഞു. മരപ്പണിക്കാരൻ രത്നങ്ങൾ കുഴിച്ചെടുത്ത് ധാരാളം ധനം സമ്പാദിച്ച് വലിയ മണിമാളികകൾ പണിത് രാജാവിനെപ്പോലെ ജീവിച്ചു. അങ്ങനെ ജീവിക്കുമ്പോൾ അയാൾക്ക് വീണ്ടും അസംതൃപ്തിയുടെ ചിന്ത ഉണ്ടായി. സമാധാനം നഷ്ടപ്പെട്ട് ചിന്തിച്ചിരുന്നപ്പോൾ അയാൾ പഴയ സന്യാസിയെക്കുറിച്ച് ഓർത്തു. 'തനിക്ക് ഈ വിദ്യകളെല്ലാം പറഞ്ഞു തന്ന സന്യാസി എന്താണ് ഇപ്പോഴും കാടിന്റെ ഏകാന്തതയിൽ കുടിലിൽ കായ്കനികൾ ഭക്ഷിച്ച് കഴിയുന്നു' അയാൾ ചിന്തിച്ചു. ഒടുവിൽ അയാൾ സന്യാസിയുടെ അടുക്കൽ തന്നെ എത്തി. സന്യാസി അയാളോട് പറഞ്ഞു 'സർവ്വസൗഭാഗ്യങ്ങളും സമ്പത്തും നിനക്ക് കിട്ടിയിട്ടും നീ ഇപ്പോഴും അസ്വസ്ഥനാണല്ലോ. യഥാർത്ഥ നിധി നീ ഇനിയും കണ്ടെത്തിയിട്ടില്ല. അതിന് കാത്തിരിക്കുകയാണ് ഞാൻ. ഇവിടെ അൽപ്പനേരം എന്റെ സമീപത്ത് ധ്യാനപൂർവ്വം ഇരിക്കുക...' ഗുരുവിന്റെ സാമീപ്യത്തിൽ ഒരു നിമിഷം ധ്യാനനിരതനായ അയാൾ പിന്നീട് തിരിച്ചു പോയില്ല.

യഥാർത്ഥ നിധി നീ ഇനിയും കണ്ടെത്തിയിട്ടില്ല. അതിന് കാത്തിരിക്കുകയാണ് ഞാൻ. ഇവിടെ അൽപ്പനേരം എന്റെ സമീപത്ത് ധ്യാനപൂർവ്വം ഇരിക്കുക..' ഗുരുവിന്റെ സാമീപ്യത്തിൽ ഒരു നിമിഷം ധ്യാനനിരതനായ അയാൾ പിന്നീട് തിരിച്ചു പോയില്ല.

# ‘യെല്ലോ ഹൗസ്’

## ജീവിതത്തെ സ്നേഹിക്കാൻ പഠിപ്പിക്കുന്ന സിനിമ

ഹാരിസ് നെൻമേനി

**തീർത്തും സാധാരണക്കാരായ മനുഷ്യരുടെ നിഷ്കളങ്ക ജീവിതം തൻമയത്വത്തോടെ അവതരിപ്പിക്കുന്ന മനോഹരമായ ആ അറബ് ചലചിത്രം നമ്മെ ജീവിതത്തെ സ്നേഹിക്കാൻ പഠിപ്പിക്കുന്നു.**

ചലച്ചിത്രോത്സവങ്ങൾ വിശാലമായ ലോകത്തെ അതിന്റെ മുഴുവൻ വൈവിധ്യത്തോടെയും കാണാൻ അവസരം നൽകുന്നു. വ്യക്തിബന്ധങ്ങളിലെ പ്രശ്നങ്ങളും തൊഴിലില്ലായ്മയും മുതൽ വേട്ടയാടപ്പെടലും അധിനിവേശവും ആഗോളവൽക്കരണവും വരെയുള്ള വിഷയങ്ങൾ ദേശത്തിന്റയോ ഭാഷയുടെയോ കാലത്തിന്റെയോ അതിരുകളില്ലാതെ സൂക്ഷ്മമായി നമ്മോട് സംവദിക്കുന്നു. തിരുവനന്തപുരത്ത് നടന്ന 13ാം അന്താരാഷ്ട്ര ചലചിത്രോത്സവവും ഇതിന് അപവാദമായില്ല.

ഇറാനിൽ നിന്നും ഇന്ത്യയിൽ നിന്നും ഫ്രാൻസിൽ നിന്നുമെല്ലാം കാഴ്ചക്കാരുടെ ഹൃദയം കവർന്ന ഒട്ടേറെ സിനിമകൾ ഇത്തവണയുമുണ്ടായിരുന്നു. അക്കൂട്ടത്തിൽ ശ്രദ്ധേയമായ ഒന്നാണ് പ്രേക്ഷകരുടെ ഉള്ളഴിഞ്ഞ അംഗീകാരവും ജൂറിയുടെ പ്രത്യേക പരാമർശവും നേടിയ *യെല്ലോ ഹൗസ്* എന്ന അൾജീരിയൻ ചിത്രം അമോൽഹാക്കറാണ് ചിത്രം രചിച്ച് സംവിധാനം ചെയ്തിരിക്കുന്നത്.


കിഴക്കൻ അൾജീരിയയിലെ മലനിരകൾക്കു മുകളിൽ നാലുമക്കളോടോപ്പം കഴിയുന്ന കർഷക കുടുംബം. ഇവരുടെ മകൻ ഗ്രാമത്തിൽ നിന്ന് വിദൂരമായ ഒരിടത്ത് ഒരപകടത്തിൽ മരണപ്പെടുന്നു. മൃതദേഹം വീട്ടിലെ ത്തിക്കാൻ പിതാവ് കുടുംബത്തിന് സ്വന്തമായുണ്ടായിരുന്ന ട്രാക്ടർ ഓടിച്ച് പുറപ്പെടുന്നു. രാത്രിയും പകലും തുടർച്ചയായി യാത്ര ചെയ്ത് വഴിയിൽ വന്നുപെടുന്ന തടസ്സങ്ങളെയെല്ലാം തരണംചെയ്ത് മൃതദേഹവുമായി വീട്ടിലെത്തുന്നു. പിതാവുൾപ്പെടെയുള്ള മറ്റ് കുടുംബാംഗങ്ങൾ ക്രമേണ സാധാരണ ജീവിതത്തിലേക്ക് തിരിച്ചു വരുന്നുണ്ടെങ്കിലും മാതാവിന് അതിന് കഴിയുന്നില്ല. കഠിനമായ ദു:ഖത്തിലകപ്പെട്ട് ഭക്ഷണംപോലും കഴിക്കാതെ കഴിയുന്നതുവരെ മടക്കി ക്കൊണ്ടുവരാൻ നടത്തുന്ന ശ്രമങ്ങളെല്ലാം പരാജയപ്പെടുന്നു. കാർഷികോ ൽപ്പന്നങ്ങൾ വിൽക്കാൻ പട്ടണത്തിൽ പോവുന്ന പിതാവ് ദു:ഖം മാറുന്നതിനുള്ള മരുന്ന് അന്വേഷിക്കുന്നുണ്ടെങ്കിലും ലഭിക്കുന്നില്ല. വീടിന് മഞ്ഞച്ചായം ചാർത്തുന്നത് ഒരുപക്ഷേ ദു:ഖത്തിൽ നിന്ന് മോചിപ്പിക്കാൻ സഹായിക്കുമെന്ന് അറിവ് കിട്ടുന്ന കർഷകൻ കല്ലും മണ്ണുമുപയോഗിച്ച് പ്രാകൃതമായി പടുത്ത വീടിന് മഞ്ഞച്ചായമടിക്കുന്നു. മാതാവിന്റെ അവസ്ഥയിൽ പക്ഷേ മാറ്റമൊന്നുമുണ്ടാവുന്നില്ല. പിന്നീടൊരിക്കൽ പട്ടണത്തിലെ ഒരു ഹോട്ടലിൽ വീഡിയോ കാസറ്റ് പ്രവർത്തിക്കുന്നത് കാണുന്ന കർഷകൻ മകന്റെ മൃതദേഹത്തോടൊന്നിച്ച് ലഭിച്ച കാസറ്റ് കടക്കാരന്റെ സഹായത്തോടെ പ്രവർത്തിപ്പിച്ചുനോക്കുന്നു. മരിക്കുന്നതിന് മുമ്പ് മകൻ കുടുംബത്തോടെന്നപ്പോലെ പറഞ്ഞ വാക്കുകളും അവന്റെ മുഖവുമായിരുന്നു അതിൽ. മകന്റെ ചലിക്കുന്ന ചിത്രങ്ങൾ കാണാനായാൽ ഭാര്യയുടെ അവസ്ഥയ്ക്ക് മാറ്റമുണ്ടാവുമെന്ന് ധരിക്കുന്ന അയാൾ അതേ ടി.വി.സ്വന്തമാക്കി വീട്ടിലെത്തുന്നു. പക്ഷേ അത് പ്രവർ ത്തിപ്പിക്കാനുള്ള വൈദ്യുതി അവരുടെ വീട്ടിലുണ്ടായിരുന്നില്ല. വീടിന് മുകളിലൂടെ കടന്ന് പോവുന്ന ഹൈടെൻഷൻ ലൈനിൽ നിന്ന് വൈദ്യുതിയെത്തിക്കാൻ പ്രതീ ക്ഷാപൂർവ്വം ശ്രമിക്കുന്നുണ്ട് ആ കുടുംബം. ശ്രമങ്ങൾ പരാജയമടഞ്ഞ അവർ പിന്നീട് വിവിധ ഓഫീസുകൾ കയറിയിറങ്ങാതെ വളരെ നിഷ്ക്കളങ്കമായി ഭരണാധികാരികളുടെ ഓഫീസിലെത്തി ആവശ്യമുന്നയിക്കുകയാണ് ചെയ്യുന്നത്. സാധാരണഗതിയിൽ ഒട്ടേറെ നൂലാമാലകളിൽപ്പെട്ട് നിരാകരിക്കപ്പെട്ടേക്കാമായിരുന്ന ആവശ്യം തൊട്ടടുത്ത ദിവസം തന്നെ പ്രാവർത്തികമാവുന്നതാണ് പിന്നീട് നാം കാണുന്നത്. വീടിന് മുകളിലൂടെ മരത്തിൽ കടന്ന് പോവുന്ന ഹൈടെൻഷൻ ലൈനിൽ നിന്ന് അയാളുടെ വീട്ടിൽ വൈദ്യുതിയെത്തിക്കാൻ ഭരണകൂടവും ഉദ്യോഗസ്ഥരും ഒന്നിച്ച് പ്രവർത്തിക്കുന്നു. മകൻ പറഞ്ഞ ജീവനുള്ള വാക്കുകളിലേക്ക് ടെലിവിഷന്റെ വെള്ളിവെളിച്ചും മിന്നിത്തെളിയുന്നതോടെ സിനിമ അവസാനിക്കുന്നു.

തീർത്തും സാധാരണക്കാരായ മനുഷ്യരുടെ നിഷ്കളങ്കജീവിതം തൻമയത്വത്തോടെ അവതരിപ്പിക്കുന്ന ഈ ചിത്രം ആദ്യാവസാനം നിലനിർത്തുന്ന പോസിറ്റീവ് രീതി കൊണ്ടുകൂടി ശ്രദ്ധേയമാവുന്നു. സഹജീവിതങ്ങളോട് സ്നേഹവും കരുതലും സൂക്ഷിക്കുന്ന ജീവിതങ്ങളാണ് ഈ അറബ് ചിത്രത്തിലെ കഥാപാത്രങ്ങളത്രയും.

മൃതദേഹവുമായുള്ള യാത്രയിലുടനീളം വന്നുഭവിക്കുന്ന തടസ്സങ്ങളിലെല്ലാം തുണയാവുന്ന വഴിപോക്കർ, വർക് ഷോപ്പ് ജീവനക്കാർ, അധികൃതരുടെ അനുമതിയില്ലാതെ മൃതദേഹവുമായി മടങ്ങിയിട്ടും മകന്റെ വസ്തുവകകൾ തിരികെ നൽകാൻ ഏറെദൂരം കർഷകനെ പിന്തുടരുന്ന ഉദ്യോഗസ്ഥൻ, ദു:ഖം മാറാൻ മഞ്ഞവർണ്ണം നിർദ്ദേശിക്കുന്ന ഡോക്ടർ, ഹോട്ടലിലുണ്ടായിരുന്ന ഏക ടി.വി കർഷകന് നൽകുന്ന കടക്കാരൻ, മാതാവിനെ ദു:ഖത്തിൽ നിന്നുയർത്താൻ ശ്രമിക്കുന്ന കുടുംബാംഗങ്ങൾ എല്ലാത്തിനുമുപരി പൗരന്റെ ആവശ്യത്തിന് അനുകൂല പ്രതികരണവുമായി പിന്തുണയേകുന്ന ഭരണകൂടവും ഉദ്യോഗസ്ഥ വൃന്ദവും.

പാത്ര സൃഷ്ടിമാത്രമല്ല, കഥാഗതിയും ദൃശ്യങ്ങളുമെല്ലാം ഏറെ പോസിറ്റീവാണ് ഈ സിനിമയിൽ.

യെല്ലോ ഹൗസിൽ നിന്നുള്ള ഒരു രംഗം



**സഹജീവിതങ്ങളോട് സ്നേഹവും കരുതലും സൂക്ഷിക്കുന്ന ജീവിതങ്ങളാണ് ഈ അറബ് ചിത്രത്തിലെ കഥാപാത്രങ്ങളത്രയും.**

# നോക്കൂ നിങ്ങളുടെ വസ്ത്രങ്ങൾ പോലും



ചെറിയകാര്യങ്ങളുടെ പ്രസക്തിയെ കുറിച്ച് ഓഷോ

**അയഞ്ഞ വസ്ത്രങ്ങൾ ധരിച്ചിരിക്കുന്ന വനായ ഒരുവൻ ശാന്തനായിരിക്കും. ഒരു ചക്രവർത്തിയോ സന്യാസിയോ ഒരു ഫക്കീറോ മാത്രമാണ് അയഞ്ഞ വസ്ത്രങ്ങൾ ധരിക്കുന്നത്.**

ശ്രീലങ്കയിലേക്ക് പോകുവാൻ സമുദ്രത്തിനു കുറുകേ ശ്രീരാമൻ തന്റെ പാലം പണിതു കൊണ്ടിരുന്നപ്പോൾ അണ്ണാറക്കണ്ണൻമാർ മണൽതരികളും, ചെറിയ കല്ലുകളും കൊണ്ടുവന്നു എന്നാണ് പറയപ്പെടുന്നത്. അവയ്ക്ക് അതിലൊരു പങ്കുണ്ടായിരുന്നു. ആ പാലം കെട്ടുന്നതിനായി അവർ കൂടി സഹായി ച്ചു. വലിയ വലിയ പാറകൾ ഏറ്റിക്കൊ ണ്ടുവന്നിരുന്ന മറ്റു പലരുമവിടെയുണ്ടാ യിരുന്നു. എന്നാൽ അണ്ണാരക്കണ്ണൻമാർ തന്നാലാവുന്നതുചെയ്തു.

ചെറിയ കാര്യങ്ങൾ ഒരു വ്യത്യാ സമുണ്ടാക്കും. ചെറിയ കാര്യങ്ങളെ ക്കൊണ്ടാണ് ജീവിതം രചിക്കപ്പെട്ടി രിക്കുന്നത്. ജീവിതത്തിന്റെ പാലം നിർമ്മിക്കപ്പെട്ടിരിക്കുന്നത് അണ്ണാര ക്കണ്ണൻമാരാൽ കൊണ്ടുവരപ്പെട്ട ചെറിയ ചെറിയ കല്ലുകൾ കൊണ്ടാണ്.

നിങ്ങളെന്താണ് ഭക്ഷിക്കുന്നത്, നിങ്ങ ളെന്താണ് ധരിക്കുന്നത്, നിങ്ങളെ ങ്ങനെയാണ് എഴുന്നേൽക്കുകയും ഇരിക്കുകയും ചെയ്യുന്നത്. ആത്യന്തിക മായി ഇവക്കെല്ലാം തന്നെ അവയുടേതായ ഫലങ്ങളുണ്ട്. ഇവയെല്ലാറ്റിന്റെയും സംയോജനമാണ് നിങ്ങൾ. ഇവിടെ ഒരുവൻ മിന്നിതിളങ്ങുന്നതും പകിട്ടുള്ളതും വർണ്ണശബളവുമായ വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് നടക്കുകയാണ്. അയാ ളെക്കുറിച്ചുള്ള പല സംഗതികളും അത് വെളിപ്പെടുത്തുന്നു. ഒരു സ്ത്രീ കാമോദീപകവും ആഭാസകരവുമായി വസ്ത്രങ്ങൾ ധരിച്ചുകൊണ്ട്, അവളുടെ ശരീരവടിവുകളെ പ്രദർശിപ്പിച്ചുകൊണ്ട്. നടക്കുകയാണെങ്കിൽ അത് ഒരു സന്ദേശം വെളിപ്പെടുത്തുന്നു.

ഒരുവൻ ശുദ്ധവും ലളിതവുമായ വസ്ത്രങ്ങൾ, അയഞ്ഞതും സൗകര്യ പ്രദവുമായ വസ്ത്രങ്ങളാണ് ധരിച്ചി രിക്കുന്നത് എങ്കിൽ അയാളെക്കുറിച്ചുള്ള പല സംഗതികളേയും അത് വെളിപ്പെ ടുത്തുന്നു.

നാം പട്ടാളക്കാരെ അയഞ്ഞ വ സ്ത്രങ്ങൾ ധരിക്കുവാൻ ഒരിക്കലും അനുവദിക്കുന്നില്ല. ലോകത്തിലാരും തന്നെ ഇതു ചെയ്യുന്നില്ല. അയഞ്ഞ വ സ്ത്രങ്ങളാണ് അവർ ധരിച്ചിരിക്കു ന്നതെങ്കിൽ അവർ പരാജിതരാക്കപ്പെടും: പട്ടാളക്കാരെ അത്തരത്തിൽ വസ്ത്രധാ രണം ചെയ്യിക്കുന്നത് അപകടമായിത്തീ ർന്നേക്കും. അതിനാൽ നാം പട്ടാളക്കാർ ക്ക് ധരിക്കുവാൻ ഇറുകിയ വസ്ത്രങ്ങൾ നൽകുന്നു. എല്ലായ്പ്പോഴും അവർക്ക് അസൗകര്യം തോന്നത്തക്ക വിധത്തിലു ള്ള ആ വസ്ത്രങ്ങളിൽ നിന്ന് പുറത്തേക്ക് ചാടുവാൻ തോന്നിപ്പിക്കുന്ന തരത്തി ലുള്ള അത്രയും ഇറുകിയതായ വസ്ത്ര ങ്ങളാണ് നാമവർക്ക് നൽകുന്നത്. ഇറുകിയ വസ്ത്രങ്ങളിലായിരിക്കുമ്പോൾ ഒരുവൻ എല്ലായ്പ്പോഴും യുദ്ധം ചെയ്യുവാൻ തയ്യാറായിരിക്കും. അയഞ്ഞ വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നവനായ ഒരുവൻ ശാന്ത നായിരിക്കും. ഒരു ചക്രവർത്തിയോ സന്യാസിയോ ഒരു ഫക്കീറോ മാത്രമാണ് അയഞ്ഞ വസ്ത്രങ്ങൾ ധരിക്കുന്നത്. നിങ്ങളൊരുകാര്യം ശ്രദ്ധിച്ചിട്ടുണ്ടോ? അയ ഞ്ഞവസ്ത്രങ്ങൾ ധരിച്ചുകൊണ്ട് നിങ്ങൾ കോണികൾ കയറുമ്പോൾ നിങ്ങളൊരേ സമയത്ത് ഒരു കാലടി മാത്രമെടുത്തു കൊണ്ടാണ് കയറുന്നത്. എന്നാൽ ഇറുകിയ വസ്ത്രങ്ങളിലാണെങ്കിൽ ഒരേ സമയം രണ്ടു കാലടികളെടുക്കും. ഇറുകിയ വസ്ത്ര ങ്ങൾ ധരിക്കുമ്പോൾ നിങ്ങൾ ദേഷ്യം നിറഞ്ഞ വനായിരിക്കും. ചെറിയ കാര്യമെന്തെങ്കിലും കേൾക്കുമ്പോഴേക്കും നിങ്ങൾ അക്ഷമ നായിതീരും. അയഞ്ഞ വസ്ത്രങ്ങളിൽ നിങ്ങൾ ശാന്തനായി നിലകൊള്ളും.

*(ബോധോദയം:ഒരേയൊരു വിപ്ലവം- ഓഷോ)*

**"ചെറിയ കാര്യങ്ങൾ ഒരു വ്യത്യാസമുണ്ടാക്കും. ചെറിയ കാര്യങ്ങളെ ക്കൊണ്ടാണ് ജീവിതം രചിക്കപ്പെട്ടിരിക്കുന്നത്. ജീവിതത്തിന്റെ പാലം നിർമ്മിക്കപ്പെട്ടിരിക്കുന്നത് അണ്ണാരക്കണ്ണൻമാരാൽ കൊണ്ടുവരപ്പെട്ട ചെറിയ ചെറിയ കല്ലുകൾ കൊണ്ടാണ്."**


**ദയവായി കത്തുകളയക്കുക**

ലിറ്റിൽ മാസിക പതിവായി കിട്ടുന്ന ഒരാളാണോ നിങ്ങൾ? ദയവായി ഒരു പോസ്റ്റുകാഡ് എങ്കിലും അയച്ച് പ്രതി കരിക്കുക..

കത്തുകൾഅയക്കേണ്ട വിലാസം.
ലിറ്റിൽമാസിക ., ചുങ്കത്തറ.പി.ഒ
മലപ്പുറം ജില്ല.





**ലിറ്റിൽ മാസിക**

## പത്രപ്രവർത്തന ശിൽപ്പശാല

2009 ഫെബ്രുവരി 28– മാർച്ച് 1 നില മ്പൂരിൽവെച്ച്...

മാധ്യമ പ്രവർത്തനത്തിൽ താല്പ ര്യമുള്ള പ്രായ ഭേദമന്യേ എല്ലാവർക്കും പങ്കെ ടുക്കാം.

**ഫ്രീലാൻസ് ജേണലിസം**
**സിറ്റിസൺ ജേണലിസം**
**റെസ്പോൺസിബിൾ ജേണലിസം**
**എന്നിവയിൽ പ്രത്യേക ഊന്നൽ**

**മാസ് മീഡിയ കേസ് സ്റ്റഡീസ്**
**മീഡീയ അനാലിസിസ്**
**എന്നിവക്ക് പ്രത്യേക സെ ഷനുകൾ**

ഹരിത ദർശനത്തിന്റെയും മൂല്യാധി ഷ്ഠിത പത്രമെഴുത്തിന്റെയും സാധ്യത കൾ ആരായുന്നു.

വിവരങ്ങൾക്ക് ബന്ധപ്പെടുക:

**9946428284**
**9995264564**



പ്രകൃതിപാഠം

3

# കുമ്പളങ്ങാ മാഹാത്മ്യം

നമ്മുടെ നാട്ടിൽ സുലഭമായ കുമ്പളങ്ങാ അത്ഭുത ശക്തിയുള്ള ഒരു മരുന്നുകൂടിയാണ് എന്ന് ജോൺസി തന്റെ അനുഭത്തിലൂടെ വ്യക്തമാക്കുന്നു.

പത്തു പതിനഞ്ചു വർഷങ്ങൾക്കുമുമ്പാണ് ഈ കഥ ആരംഭിക്കുന്നത്. അന്നെനിക്ക് കഠിനമായ നടുവേദന ഉണ്ടായി. ഒരു വശം ചരിഞ്ഞ് കിടക്കാനാവാത്ത അവസ്ഥ. ഇടത്തേ കാൽമുട്ടിന് വേദന, ഇടയ്ക്കിടെ ബലക്ഷയം. രണ്ടുകൈകളുടെയും ചെറുവിരലുകൾ ഉള്ളിലേക്ക് വളഞ്ഞു. നിവർത്താൻ ശ്രമിച്ചാൽ താങ്ങാനാവാത്ത വേദന. ആമവാതത്തിന്റെ (റൂമറ്റോയ്ഡ് ആർത്രൈറ്റിസ്) ലക്ഷണമാണെന്ന് മനസ്സിലായി. പിടിപെട്ടാൽ കഷ്ടപ്പെട്ടതുതന്നെ, മരണംവരെ.

അന്ന് തളിപ്പറമ്പിലെ സുപ്രസിദ്ധനായ ഹോമിയോ ഡോക്ടറാണ് എന്നെ ചികിത്സിച്ചിരുന്നത്. അദ്ദേഹം ഉപദേശിച്ചു എന്നും രാവിലെ ഒരു ഗ്ലാസ്സ് പുതിയ കുമ്പളങ്ങനീര്. പിന്നെ ഒരു മണിക്കൂർനേരം ഒന്നും കഴിക്കരുത്. ആദ്യത്തെ ഒരാഴ്ച ദിവസേന രണ്ടുനേരം കുടിക്കണം. പിന്നെ ഒരു നേരം മതി.

അത്ഭുതം എന്നുപറയട്ടെ, വെറും രണ്ടാഴ്ചകൊണ്ട് എന്റെ അസുഖം പൂർണ്ണമായി മാറി. പിന്നീടത് വന്നിട്ടില്ല. എങ്കിലും സന്ധിയിൽ വേദന തോന്നിയാൽ തുടർച്ചയായി കുറച്ചുദിവസം കുമ്പളങ്ങ കുടിക്കും. വേദന മാറുകയും ചെയ്യും.

ഒരു ശനിയാഴ്ച ഞാൻ എന്റെ ശിഷ്യയായിരുന്ന സുനിലയുടെ വീട്ടിൽപോയി. അപ്പോഴുണ്ട് അവളുടെ അച്ഛൻ കട്ടിലിൽക്കിടന്ന് ഞരങ്ങുന്നു. കഠിനമായ കാൽവേദന. നടക്കാനും ഇരിക്കാനും കിടക്കാനുംവയ്യ. തിങ്കളാഴ്ച മണിപ്പാലിൽ പോകണം–അദ്ദേഹം പറഞ്ഞു. പയ്യന്നൂരിലെയും കണ്ണൂരിലെയും ഡോക്ടർമാർ പരിശോധിച്ചു ചികിത്സിച്ചുകഴിഞ്ഞു.

മണിപ്പാൽ യാത്ര മാറ്റിവെക്കാനും, പകരം കുമ്പളങ്ങനീര് കുടിക്കാനും പറഞ്ഞു.

ചൊവ്വാഴ്ചയുണ്ട് രോഗി പയ്യന്നൂർ ബസാറിലൂടെ സുഖമായി നടന്നുപോകുന്നു. എനിക്കെന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. പക്ഷെ സത്യം കുമ്പളങ്ങയുടെ അത്ഭുതശക്തി.

പിന്നീട് ഞാൻ പലർക്കും ഈ ചികിത്സ പറഞ്ഞുകൊടുത്തിട്ടുണ്ട്. കുമ്പളങ്ങനീര് കുടിച്ചാൽ ചിലർക്ക് വയറ്റിൽകിടന്ന് എന്തോ പെരുമാറുന്നതുപോലെ തോന്നും. ധാരാളം മൂത്രം പോകും. മൂന്നാംദിവസം മുതൽ വയറ്റിൽനിന്ന് അല്പം ലൂസായിപ്പോകും. അഞ്ചാം ദിവസം ഇത് നില്ക്കും. ഈ മാറ്റങ്ങൾ കണ്ട് പേടിക്കരുതെന്നു മാത്രം.

ചെന്നൈയിൽ ഞങ്ങൾക്കൊരു സുഹൃത്തുണ്ട്. ജഗൻ എന്നാണ്പേര്. അന്ന് അയാൾ തമിഴ് സിനിമകളിൽ ഒരു അസിസ്റ്റന്റ് ഡയറക്ടറായിരുന്നു. അയാൾക്ക് പെപ്റ്റിക് അൾസർ, ഭയങ്കര വേദന. പലതവണ അയാൾ ആസ്പത്രിയിൽ കിടന്നിട്ടുണ്ട്. അവസാനം കിടന്നപ്പോൾ അയാൾ മരിച്ചു എന്നുകരുതിയതാണ്. പക്ഷെ കുറെ ദിവസത്തിനുശേഷം അദ്ദേഹം ഞങ്ങളെ കാണാൻ വന്നു. ഞങ്ങൾ അയാൾക്ക് കുമ്പളങ്ങാമന്ത്രം ഉപദേശിച്ചു. അയാൾ അക്ഷരപ്രകാരം അനുസരിച്ച് ചികിത്സ തുടങ്ങി. പിന്നീട് രോഗം അയാളെ തീണ്ടിയതുപോലുമില്ല. അഞ്ചാറുവർഷമായി. ഇന്ന് പൂർണ്ണ ആരോഗ്യവാനായ ജഗൻ സ്വന്തമായി ഒരു പടം ഡയരക്ട് ചെയ്ത് റിലീസ് ചെയ്തിരിക്കുന്നു. ഇപ്പോഴും എല്ലാമാസവും അടുത്തടുത്ത ഏതാനും ദിവസങ്ങളിൽ അയാൾ കുമ്പളങ്ങനീര് കുടിക്കാറുണ്ട്.

പിലാത്തറയ്ക്കടുത്ത് എനിക്കൊരു സുഹൃത്ത് ഡോ.ടി.പവിത്രൻ. അദ്ദേഹത്തിന് രാജേട്ടൻ എന്നുവിളിക്കുന്ന ഒരു സുഹൃത്ത് ഉണ്ട് കഴിഞ്ഞകൊല്ലം ഞാൻ ഒത്തുചേരലിന് ചെല്ലുമ്പോൾ രാജേട്ടൻ ആസ്പത്രിയിൽ. കാര്യം വളരെ സീരിയസാണ് എന്ന് പവിത്രൻ പറഞ്ഞു. ആമവാതം തന്നെ. രണ്ട് കാൽമുട്ടുകളും വീർത്ത് അനക്കാൻ വയ്യാതായിരിക്കുന്നു.

വേഗം അയാളെ ആസ്പത്രിയിൽ നിന്ന് കൊണ്ടുവന്ന് കുമ്പളങ്ങനീര് കുടിപ്പിക്കൂ എന്ന് ഞാൻ പറഞ്ഞു. അന്ന് രോഗിയെ കാണാൻ എനിക്ക് കഴിഞ്ഞില്ല.

ഇക്കൊല്ലം നവമ്പറിൽ ഞാൻ ചെല്ലുമ്പോ കാത്തിരിക്കുന്നു. രാജേട്ടൻ പൂർണ്ണസുഖമായിരിക്കുന്നു. രക്ഷിച്ചത് കുമ്പളങ്ങനീരും.


എന്റെ ഉപദേശപ്രകാരം. രാജേട്ടനെ പവിത്രൻ ആസ്പത്രിയിൽനിന്ന് വിടുവിച്ച് തന്റെ വീട്ടിൽ കിടത്തി. എല്ലാ ആഹാരവും മാറ്റിവച്ചിട്ട് കുമ്പളങ്ങനീരുമാത്രം കൊടുത്തു. ലൂക്കോസ് കദളിക്കാട്ടിലിന്റെ ഉപദേശപ്രകാരം തുളസിനീരും അതിൽ ചേർത്തു എന്നുമാത്രം. രണ്ടാഴ്ചകൊണ്ട് രോഗിക്ക് നടക്കാനായി. ഇപ്പോൾ ഓടിനടക്കുന്നു.

എന്താണിവിടെ സംഭവിക്കുന്നത്? ശരീരം ശരിയായി പ്രവർത്തിക്കണമെങ്കിൽ രക്തവും മറ്റുശരീര ദ്രവങ്ങളും അല്പം ക്ഷാരഗുണമുള്ളതായിരിക്കണം എന്നു നമുക്കറിയാം. ക്ഷാരഗുണത്തിനുപകരം അമ്ലത വന്നാൽ പ്രവർത്തനം തകരാറിലാകും. അതിന്റെ ആദ്യലക്ഷണമാണ് വേദന പിന്നീട് മറ്റു തകരാറുകളിലേക്ക് അത് രോഗിയെ നയിക്കും.

ശ്വാസകോശങ്ങളും അവയോട് ബന്ധപ്പെട്ട മറ്റു അവയങ്ങളും രക്തക്കുഴലുകളും ശരിയായി പ്രവർത്തിക്കുന്നില്ലെങ്കിൽ കാർബൺഡയോക്സൈഡ് ശരീരത്തിൽ കെട്ടിനിന്ന് കാർബോണിക് അമ്ലം ഉണ്ടാക്കും. മാംസപേശികൾ പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്നത് ലാക്ടിക് അമ്ലമാണ്. രക്തം വേണ്ടത്ര ഓക്സിജൻ കൊണ്ടുവന്നു കൊടുക്കുന്നില്ലെങ്കിൽ ഈ അമ്ലം മാംസ പേശിയിൽ കെട്ടിനിന്ന് അതിനെ പ്രവർത്തനരഹിതമാക്കും. വൃക്കകൾ വേണ്ട പോലെ പ്രവർത്തിക്കാതിരുന്നാൽ ശരീരത്തിൽ യൂറിയയുടെ അളവ് വർദ്ധിക്കും. നൈട്രജൻ കലർന്ന പദാർത്ഥങ്ങൾ (ഉദാ:പ്രോട്ടീൻ) ജാരണം ചെയ്യുമ്പോൾ ഉണ്ടാകുന്നതാണീ യൂറിയ.. യൂറിയ ഉഗ്രൻ വിഷമാണ്. മൂത്രത്തിലൂടെ അത് കഴിവതും വേഗം പുറത്താക്കപ്പെടണം. പക്ഷേ വൃക്കകൾ വേണ്ടത്ര ശുഷ്കാന്തി കാണിക്കാതെ യൂറിയയുടെ അളവ് കൂടാനിടയായാൽ ശരീരം ഈ യൂറിയയെ അത്രയും ആപത്കാരിയല്ലാത്ത യൂറിക്കാസിഡായി മാറ്റി സന്ധികളിൽ നിക്ഷേപിക്കും. ഇതൊരു മുട്ടുശാന്തി മാത്രമാണ്. സ്ഥിരമായ സുരക്ഷിതമാർഗ്ഗമല്ല. ഈ യൂറിക്കാസിഡ് പരലുകളാണ് ആമവാതത്തിൽ വേദന യുണ്ടാക്കുന്നത്.

കുമ്പളങ്ങനീര് ക്ഷാരഗുണമുള്ളതാണ്. ഇതിൽ ധാരാളം ലവണങ്ങളും വൈറ്റമിനുകളും ഉണ്ട്. അത് കുടിക്കുമ്പോൾ നിമിഷങ്ങൾക്കകം, രക്തത്തിലേക്ക് ആഗിരണം ചെയ്യപ്പെടുകയും ശരീരദ്രവ്യങ്ങളുടെ അമ്ലതയെ ഇല്ലായ്മചെയ്യുകയും ശരീരത്തെ സ്വയം പരിപാലിക്കാൻ ത്രാണിയുള്ളതാക്കുകയും ചെയ്യും.





മൂന്നു കഥകൾ

ഷാഹുൽ ഹമീദ്.കെ.ടി

## പള്ളിനീരാട്ട്

പുഴയിലെ വെള്ളത്തിലേക്കാഴ്ത്തി ഉയർത്തിയപ്പോൾ വിഗ്രഹത്തിന്റെ കൈകൾക്കിടയിൽ ഒരു സിറിഞ്ച്. അതെടുത്തുമാറ്റുമ്പോൾ ഭഗവതി കണ്ണുതുറന്നു.

'ഇതെന്താണ്''

ആരുമൊന്നുമുരിയാടിയില്ല. പക്ഷേ, പുഴപറഞ്ഞു:

'ഇപ്പോൾ ആസ്പത്രി മാലിന്യങ്ങളും കോഴിവേസ്റ്റുകളുമായാണെന്റെ ഒഴുക്ക്.'

## പള്ളിവേട്ട

വേട്ടക്കായി ഭഗവതി ആൽമരത്തണലിലെത്തി. മുഖ്യപൂജാരി അമ്പും വില്ലുമെടുത്തു. ചുറ്റും നോക്കിയ ഭഗവതി അന്തിച്ചു.

'തട്ടകത്തെന്തെങ്കിലും അത്യാപത്ത്...'?

'ഇല്ല'

'പിന്നെന്റെ പ്രജകൾ.'?

'എല്ലാവരും വീടുകളിലിരുന്ന് ചാനലിൽ ലൈവായി കാണുന്നുണ്ട്. നമുക്ക് അമ്പെയ്യാം.'

## പള്ളിയുറക്കം

ഇനി രണ്ടുദിവസം കഴിഞ്ഞേ നട തുറക്കൂ. ഭഗവതിക്ക് പൂർണ്ണവിശ്രമം. പക്ഷേ, അടച്ച് അരമണിക്കൂർ കഴിയും മുമ്പ് നടതുറന്നപ്പോൾ ഭഗവതി ഞെട്ടിയുണർന്നു.

'പൊറുക്കണേ അകലെനിന്നുവരുന്ന വി.ഐ.പികളാണിവർ.'

പിന്നേയും നട തുറക്കകയും അടക്കുകയും ചെയ്തു കൊണ്ടേയിരുന്നു.



കവിത

## പിറവി

ശ്രീധരൻ.എൻ.ബല്ല

മഴയുടെ പുസ്തകത്തിൽ നിന്നും
നനഞ്ഞു കുതിർന്ന
ഒരിതൾ
നിനക്കു ദാനം
ഉച്ചവെയിലിലുണക്കി
ഊണ് നേരത്ത് വറുത്തെടുക്കുക.
തിരക്കൈകളുപേക്ഷിച്ച
എന്റെകാൽപ്പാടുകൾ
നിനക്കുള്ള ചതിക്കുഴി.
നീയതിൽ വീഴും
(ഉറപ്പ്!).
നമ്മുടെ കൂണ്ണുകളിൽ
തിളങ്ങി വിരിയുന്ന
വെള്ളാരം കല്ലുള്ള
തളർന്ന ചിരിയിൽ നിന്നാവും
സൂര്യൻ ജനിക്കുക!

---

കവിത

## ശേഷക്രിയ


രമേഷ് വട്ടിങ്ങാവിൽ

മനസ്സിന്റെ ഭാരമൊഴിഞ്ഞ്
അചേതനമായ ശരീരം
ചോദ്യചിഹ്നമായി പരിണമിച്ച
വിരാമചിഹ്നം.

അറ്റം കൂർത്ത കണ്ണുകൾ,
മൂർച്ചയേറിയ നാക്കുകൾ
കാരണങ്ങൾ കൊണ്ട് തുന്നിക്കെട്ടുന്ന
കർമ്മസാഫല്യം.

വികർഷിക്കാനറിയാത്ത ഭൂമിയുടെ
സ്വീകരണം കഴിഞ്ഞപ്പോൾ
തേങ്ങുന്ന വാക്കുകൾ
കണ്ണീരിലലിഞ്ഞലിഞ്ഞ്
മൗനത്തിന്റെ നാനാർത്ഥങ്ങളായി
അക്ഷമയുടെ അസ്വസ്ഥതക്കും
വിരാമമായപ്പോൾ
ജീവിക്കാൻ നേരമില്ലാത്തവർ
അശാന്തമായ ആത്മാവിനായി
ഉപചാര വാക്കുകളുരുവിട്ട്
ഓർമ്മകളിൽ നിന്നും രക്ഷപ്പെടാൻ
പല വഴികളിലേക്കു പിരിഞ്ഞു.





കവിത

## വസ്ത്രം

പ്രതീഷ് എം.പി.

എന്നെങ്കിലും
എന്നെയൊന്ന്
വലിച്ചുക്കീറി
ലോകത്തിന്റെ
മുറിവുകെട്ടണം

---


കവിത

## പെരുമാറ്റം

വിമീഷ് മണിയൂർ

നീരെടുത്ത എണ്ണയോടും
തണുപ്പുള്ള വെള്ളത്തോടും
നനവാറാത്ത കുട്ടിസോപ്പിനോടും
ഇത്രയും അനുസരണയോടെ
മുമ്പു പെരുമാറിക്കാണില്ല.
'എത്ര പെട്ടെന്ന് ബുദ്ധിവെച്ചു.'
ആവർത്തിക്കേണ്ടിവരില്ല
ഇനി ഒന്നും.
അതിലുപരി
എന്തെല്ലാമോ
ഒഴിഞ്ഞുപോകുന്നതിന്റെ
രസം
കണ്ണടച്ച്
ശ്വാസംപോലും നിർത്തി
ആസ്വദിക്കാൻ
മറ്റെങ്ങിനെ
അവന്
കഴിയുമെന്നാണ്...

ചിത്രീകരണം:
ഡോ. റ്റി.റഹിമാ



# മാതാപിതാക്കൾക്ക് സ്നേഹപൂർവ്വം

സണ്ണി കീക്കരിക്കാട്

**കുട്ടികൾ നാം ഉദ്ദേശിക്കുന്ന സമയത്ത്, ഉദ്ദേശിക്കുന്ന രീതിയിൽ പക്വത പ്രാപിച്ചിരിക്കണം എന്ന നിർബന്ധം ഉപേക്ഷിക്കുക. ഈ ഒരൊറ്റ തീരുമാനമെടുത്താൽ മതി, ടെൻഷനിൽ കഴിയുന്ന പല മാതാപിതാക്കളും അൽഭുതകരമായ വേഗത്തിൽ സ്വസ്ഥത കൈവരിക്കുന്നതുകാണാം.**

നമ്മുടെ കുഞ്ഞുങ്ങൾ ബ്രോയിലർ കോഴികളാകരുത്. ബ്രോയിലർ കോഴികൾക്ക് ഒരാനച്ചന്തമൊക്കെയുണ്ടാകും. പക്ഷേ ആരോഗ്യവും പ്രസരിപ്പും കുറവായിരിക്കും. പറമ്പിലെല്ലാം ചിക്കിയും ചികഞ്ഞും സ്വതന്ത്രമായി വിഹരിക്കുന്ന നാടൻ കോഴികളെപോലെയാകാട്ടെ നമ്മുടെ കുഞ്ഞുങ്ങൾ. അപ്പോൾ അവർക്ക് ഏറെ ഉണർവ്വും ഉന്മേഷവുമുണ്ടാകും.

കുലീനത്വമെന്നത് കുഞ്ഞുങ്ങളുടെ കാതിൽ ഓതിക്കൊടുക്കേണ്ട ഒരു മന്ത്രമല്ല മറിച്ച്, നമ്മുടെ സമീപനത്തിലൂടെ, നോട്ടത്തിലൂടെ, സ്പർശത്തിലൂടെ, ചലനങ്ങളിലൂടെ സ്വാഭാവികമായി അവരിലേക്കു പ്രവേശിക്കേണ്ടതാണ്.

കുട്ടികൾ നാം ഉദ്ദേശിക്കുന്ന സമയത്ത്, ഉദ്ദേശിക്കുന്ന രീതിയിൽ പക്വത പ്രാപിച്ചിരിക്കണം എന്ന നിർബന്ധം ഉപേക്ഷിക്കുക. ഈ ഒരൊറ്റ തീരുമാനമെടുത്താൽ മതി, ടെൻഷനിൽ കഴിയുന്ന പല മാതാപിതാക്കളും അൽഭുതകരമായ വേഗത്തിൽ സ്വസ്ഥത കൈവരിക്കുന്നതുകാണാം.

അസാധാരണ കഴിവുകളൊന്നും എന്റെ കുട്ടിക്കില്ലല്ലോ എന്നോർത്ത് ആകുലപ്പെടേണ്ടതില്ല. കുട്ടിയെ സ്നേഹിച്ചുകൊണ്ടേയിരിക്കുക. സ്നേഹം അവനിൽ നിന്ന് ഏറ്റവും നല്ല ഫലം പുറത്തുകൊണ്ടുവരിക തന്നെ ചെയ്യും.

കാണാതായ ഒരു മുറിപ്പെൻസിലിനുവേണ്ടി ഗാന്ധിജി ദീർഘ നേരം തെരച്ചിൽ നടത്തിയതായി കേട്ടിട്ടുണ്ട്. ഇന്ന് നമ്മുടെ കുട്ടികൾ ഒരു പെൻസിൽ തേഞ്ഞുതീരും മുമ്പെ അതു വലിച്ചെറിഞ്ഞ് മറ്റൊന്നു പരീക്ഷിക്കുന്നു. പക്ഷെ വലിച്ചെറിയുന്ന സാധനങ്ങൾ ഏതെങ്കിലുമൊരു അത്യാവശ്യക്കാരന്റെ കൈവശം എത്തിപ്പെട്ടിട്ടുണ്ടോ എന്നുകൂടി ഉറപ്പാക്കുന്നതു നന്ന്. ഇല്ലെങ്കിൽ ഈ ത്രോ എവേ സംസ്കാരത്തിന്റെ നാളത്തെ ഇരകൾ, നാം മാതാപിതാക്കൾ തന്നെയായിരിക്കും.

ആരെ മാതൃകയാക്കണം എന്നൊരു കൺഫ്യൂഷൻ കുട്ടികൾക്കുണ്ടാകാതെ നോക്കുക. കുട്ടികൾക്ക് അനുകരിക്കാൻ പാകത്തിൽ നമ്മുടെ ജീവിതത്തിൽ വിലപ്പെട്ടതെന്തെങ്കിലുമുണ്ടാകണം. നമ്മിൽനിന്ന് അവർക്കൊന്നും പഠിക്കാനില്ലാത്ത ഒരവസ്ഥ ഒരിക്കലുമുണ്ടാവുകയുമരുത്.

സ്വപ്നങ്ങളുടെ മേൽ ഒരു പൊരുന്നക്കോഴിയെപ്പോലെ ക്ഷമാപൂർവ്വം അടയിരിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുക. ഓരോന്നിനും ഓരോ സമയമുണ്ട് എന്ന അവബോധം അവരെ നയിക്കട്ടെ. അപ്പോൾ അനാരോഗ്യകരമായ മൽസരങ്ങളിൽ നിന്നു പിന്തിരിയാനും തങ്ങളുടെ തന്നെ പരിമിതികളെ മറികടക്കാനും അവർക്കു കഴിയും.



## ദയവായി സഹായിക്കാമോ?

മഞ്ചേരികോടതിയിലെ ജീവനക്കാരനും സാമൂഹ്യ പ്രവർത്തകനുമായ ശ്രീഅലവിയോട് ലിമാക്ക് വലിയ കടപ്പാടുണ്ട്. രണ്ട് വർഷം മുമ്പ് ലിമായുടെ ഒരു കോപ്പി കണ്ട് അദ്ദേഹം ഫോണിൽ വിളിച്ച് അഭിപ്രാ യമറിയിക്കുകയും വരിസംഖ്യ തരികയും ചെയ്തു. പിന്നീട് അദ്ദേഹം 18 വരിക്കാരെ ചേർത്ത് വിലാസവും പണവും തന്നു. ചാത്തല്ലൂരിലെ സൂരജ്, ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിലെ എം.എസ്.സി വിദ്യാർത്ഥി സതീഷ്, കൊല്ലം സ്വദേശി ഷിബു എസ് വയലകത്ത് എന്നിവരും അലവിയെപ്പോലെ ലിമാക്ക് വരിക്കാരെ ചേർത്ത് സഹായിച്ചവരാണ്.

താങ്കൾക്കും ഞങ്ങളെ സഹായിക്കാമോ? മാസികയെക്കുറിച്ച് പ്രതികരിച്ച് അനുയോജ്യമായ രചനകൾ തന്ന് വരിസംഖ്യസ്വയം ചേർത്തും സുഹൃത്തുക്കളെ ചേർത്തും.

(16 ലക്കം '100 രൂപ)

ലിറ്റിൽ മാസിക

ചുങ്കത്തറ–പി.ഒ–679934

കുട്ടി പഠിക്കുന്നതു ഇംഗ്ലീഷ് മീഡിയത്തിലോ മലയാളം മീഡിയത്തിലോ എന്നു പ്രശ്നമല്ല. സ്കൂളിൽ അവൻ ഹൃദയത്തിന്റെ ഭാഷ അഭ്യസിക്കുന്നുണ്ടോ എന്നതാണു പരമപ്രധാനം. എങ്കിൽ അവന് ഏതുഭാഷയും എളുപ്പത്തിൽ പഠിക്കാനാവും. ഏതു ദേശക്കാരുമായും സംസാരിക്കാനാവും.

വിലക്കുകൾകൊണ്ട് കുഞ്ഞുങ്ങളുടെ ചുറ്റും വേലികെട്ടരുത്. അവരെല്ലാം തകർത്തെന്നിരിക്കും. എങ്കിലും അവർക്കു തകർക്കാനാവാത്ത് ഒരു വേലി നമുക്കു കെട്ടാനാവും. അതിമൃദുവായ ആ വേലിയുടെ പേരത്രെ സ്നേഹം.

## നുറങ്ങുവെട്ടം

*നമ്മുടെ ഇടയിലും നമുക്കുമുമ്പും ജീവിച്ചവരും മൺമറഞ്ഞവരുമായ സാധാരണക്കാരായ നമ്മുടെ ഗുരുക്കൻമാരും മാതാപിതാക്കൾ നാട്ടുകാരണവൻമാരും പറഞ്ഞുതന്ന എത്രയോജീവിത സത്യങ്ങൾ..! ഏത് ആധുനിക കാലത്തും ജീവിതത്തിൽ വഴിവിളക്കാവുന്ന അത്തരം ഉപദേശമന്ത്രങ്ങൾ നിങ്ങൾക്കും പങ്കുവെക്കാം.*

### ഇത് വരും തലമുറയ്ക്ക്

തിന്നുകഴിഞ്ഞ മാങ്ങയുടെ അണ്ടി ദൂരേക്ക് വലിച്ചെറിഞ്ഞപ്പോൾ വല്ല്യപ്പൻ കൊച്ചുമകനെ വിലക്കി. മാങ്ങയണ്ടി അലക്ഷ്യമായി വലിച്ചെറിയുന്നതിന് പകരം ഒരു കുഴികുത്തി അത് മണ്ണിലാക്കിയാൽ അതൊരു മരമായി അതിൽ നിന്നെത്ര മാങ്ങ പറിക്കാം. ഇതു പറഞ്ഞ് വല്ല്യപ്പൻ പതുക്കെ ഇറങ്ങി കൊച്ചുമകൻ വലിച്ചെറിഞ്ഞ മാങ്ങായണ്ടി എടുത്ത് ഒരു കുഴി എടുത്ത് അതിൽ പാകി. എൺപതുവയസ് പിന്നിട്ട വല്ല്യപ്പന് ഈ വിത്തു മുളച്ച് മരമായി കായ്കൾ ഉണ്ടായാൽ അതുപറിക്കാൻ ആയുസ്സുണ്ടാവുമോ? കൊച്ചുമകൻ ആലോചിച്ചു. തനിക്കൊരിക്കലും അതിന്റെ ഫലം അനുഭവിക്കുവാൻ കഴിയില്ല എന്ന് അറിഞ്ഞ് കൊണ്ടുതന്നെയാണ് വല്ല്യപ്പൻ അതു ചെയ്ത്. വരും തലമുറയ്ക്ക് അനുഭവിക്കാൻ ഇന്നേ മുൻകൂട്ടി കാര്യങ്ങൾ ചെയ്യുന്ന ദീർഘവീക്ഷണം. ഒറ്റമുണ്ടും ധരിച്ച് തുമ്പയും കൈകാലുകളും വൃത്തിയാ ക്കുന്ന വല്ല്യപ്പൻ വലുപ്പം വെച്ച് ആകാശത്തോളം എത്തി നിൽക്കുന്നതായികൊച്ചുമകന് തോന്നി.

### അവനവന്റെ വാക്ക്

പറഞ്ഞ വാക്കുപാലിക്കുന്നസ്വഭാവം പാപ്പിയുടെ ജീവിതത്തിലില്ലായിരുന്നു. അപ്പച്ചൻ ഉപദേശിച്ചപ്പോൾ പാപ്പി പറഞ്ഞു. "അവനവന്റെ വാക്കല്ലേ അവനവന് മാറ്റാൻ പറ്റു". അതുകേട്ട് അപ്പച്ചൻ ഒന്ന് ചിരിച്ചു: "അവനവന്റെ വാക്കിന് അവനൻ വില നൽകിയില്ലെങ്കിൽ ആരെങ്കിലും വില കൊടുക്കുമോ?". അപ്പച്ചന്റെ ചോദ്യത്തിന് മുമ്പിൽ പാപ്പി തലക്കുനിച്ചു.

### നൂറ് രൂപ നൂറ് പുല്ല്!

താഴെ വീണ ഒരു രൂപ കുനിഞ്ഞെടുക്കാൻ മടിച്ച പാപ്പിയോട് അപ്പച്ചൻ പറഞ്ഞു. "മോനെ ഒരു രൂപാ വെറുതെ കളയുന്നതിന്തിനാ ". "ഓ ഒരു രൂപയല്ലേ. അത് വെറും ഒരു പുല്ല്.". പാപ്പി പറഞ്ഞു. "മോനേ നൂറ് രൂപാ താഴെ വീണാൽ നീ എടുക്കില്ലേ? ". "ഓ എടുക്കും". " ഒരു രൂപ ഒരു പുല്ലാണെങ്കിൽ നൂറ് രൂപ നൂറ് പുല്ലല്ലേ?" പാപ്പി നിശബ്ദനായി.


*സമ്പാദക : കാവ്യകാതറിൻ*

# നിലമ്പൂർ പാട്ടുത്സവം: പുരാവൃത്തത്തിനുപിന്നിൽ....

ജയപ്രകാശ് നിലമ്പൂർ

**നിലമ്പൂർ പാട്ടുത്സവം വിപണിയിലെ കച്ചവട കേന്ദ്രങ്ങളും കാർണിവലും ഹൽവാ കളിപാട്ട-വള കച്ചവടവും ഗാനമേളയും ആയി പരിണമിച്ചിരിക്കുന്നു ഒരു ഗ്രാമീണ ഉത്സവം വിപണിയുടെ സ്വന്തം ഉത്സവമായി മാറുകയാണ്...**

നിലമ്പൂർ താഴ്വരയിലെ പ്രമുഖ ഉത്സവമാണ് വലിയകളംപാട്ട്. താഴ്വരയിലെ ആദിവാസികളുടെ പങ്കാളിത്തത്തോടെ കേമമായി നടത്തപ്പെട്ടിരുന്ന ഈ ഉത്സവം. ആദിവാസി ജനതക്ക്മേൽ ആര്യാക്രമണത്തിന്റെ ചരിത്രം പേറുന്ന ഒന്നാണ്. 11ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ നെടിയിരുപ്പ് സ്വരൂപത്തിൽ നിന്ന് നിലമ്പൂരിലെത്തിയ ഒരു ജൻമികുടുംബം നിലമ്പൂർ കോവിലകം സ്ഥാപിച്ച് അതുവരെ പത്ത് ആദിവാസി ഗോത്രങ്ങളുടെ വകയായിരുന്ന ബന്ദിപ്പൂർ മുതൽ പരപ്പനങ്ങാടി വരെ വിസ്തൃതമായിരുന്ന വലിയൊരു ഭൂഭാഗത്തെ ഏറ്റെടുത്ത അധിനിവേശത്തിന്റെ ചരിത്രം കൂടിയാണിത്. സഹ്യപർവ്വത നിരയിലെ ഗൂഡല്ലൂരിനടുത്ത് നമ്പോല കോട്ടയിലുണ്ടായിരുന്ന ആദിവാസികളുടെ കുലദൈവമായ വേട്ടക്കൊരുമകനെ ഏറ്റെടുത്ത് നിലമ്പൂർ കോവിലകത്തിന്റെ ക്ഷേത്രത്തിൽ പ്രതിഷ്ടിച്ച ശേഷം വർഷത്തിലൊരിക്കൽ ആദിവാസി ജനത അവരുടെ ദൈവത്തെ കാണാനെത്തുന്ന അവസരംകൂടിയാണ് എല്ലാവർഷവും ധനു 23ന് നടക്കുന്ന വലിയകളംപാട്ടും സർവാണിസദ്യയും പിറ്റേന്ന് പാലുംവെള്ളരിയും അനുബന്ധ ചടങ്ങുകളും. സർവാണിസദ്യക്ക് നൽകുന്ന ചോറ് ഉണക്കിസൂക്ഷിച്ച് അടുത്തവർഷം വരെ മരുന്നായി ഉപയോഗിക്കുന്ന ശീലം അടുത്തകാലം വരെ ആദിവാസികൾക്കിടയിൽ നിലനിന്നിരുന്നു. ഉൽസവത്തിനുള്ള കൊടിമര മുള ഇപ്പോഴും ഒരു ആദിവാസി കുടുംബമാണ് അമ്പലത്തിലെത്തിക്കുന്നത്. ശിവ-പാർവ്വതിമാർക്ക് കാട്ടാളവേഷം ധരിച്ച സമയത്ത് ഉണ്ടായ പുത്രനാണ് വേട്ടക്കൊരുമകൻ എന്നാണ് ഐതിഹ്യം. എന്നാലിന്ന് നിലമ്പൂർപാട്ടുത്സവം വിപണിയിലെ കച്ചവട കേന്ദ്രങ്ങളും കാർണിവലും ഹൽവാ കളിപാട്ട-വള കച്ചവടവും ഗാനമേളയും ആയി പരിണമിച്ചിരിക്കുന്നു. ആദിവാസികൾ വളരെ കുറച്ചുമാത്രമേ ഇപ്പോൾ അമ്പലത്തിൽ തങ്ങളുടെ കുലദൈവത്തെ കാണാനെത്തുന്നുള്ളു. കാലത്തിന്റെ നാൾവഴികളിൽ ആദിവാസിജനതക്ക് അവരുടെ ജീവിത നിഷ്ഠകളും സാമ്പ്രദായികരീതികളും ഇല്ലാതാക്കുന്ന പുത്തൻ നവലോക രീതികൾ അവരുടെ പരമ്പരാഗത ചടങ്ങുകളും ഇല്ലാതാക്കിവരികയാണ്. നിലമ്പൂർ കോവിലകത്തിന്റെ പ്രതാപവും അധികാരങ്ങളും വിസ്മൃതിയിലായതോടെ ചടങ്ങുകൾ മാത്രമായ ഉത്സവമായിരിക്കുന്നു. മാറുന്ന അധികാര് കേന്ദ്രങ്ങളുടെ സൂചകം കൂടിയാണ് നിലമ്പൂർ പാട്ടിന്റെ പുരാവൃത്തം. ഒപ്പം അധിനിവേശത്തിന്റെ നാൾവഴികളും.



വര : ഡോ.റ്റി.റഹിമാൻ

കവിത

## ഇതളഴിക്കൽ

ഉണ്ണികൃഷ്ണൻ കെ.എസ് ആവള

ഒച്ചവെയ്ക്കല്ലേ
എന്റെ ചെമ്പരത്തിക്കുട്ടികൾ
മഞ്ഞു ചുംബനങ്ങളാലുലഞ്ഞ്
ചിരിച്ചുണരുന്നുണ്ട്
മുറ്റത്ത്.
കാറ്റേ പറയല്ലേ
ഇന്നീ പകലുതീരുമ്പോൾ
ഇതളഴിച്ചു വാങ്ങാൻ
അവരെത്തേടിയൊരു
സന്ധ്യവരുമെന്ന്...

# ലിറ്റിൽ ന്യൂസ്

## കുടുംബത്തിന് സഞ്ചാരത്തിന് ട്രൈസിക്കിൾ

ഡെൻമാർക്കിലും, നെതർലെന്റിലും സൈക്കിൾ കമ്പനികൾ മൂന്ന് ചക്രമുള്ള സൈക്കിളുകൾ വിപണിയിലെത്തിചിരിക്കുന്നു. കുട്ടികളെ സ്കൂളുകളിൽ എത്തിക്കാനും മറ്റും ഈ സൈക്കിളുകൾ വളരെ ഉപകാരപ്രദമാണ്.

ഒരു മോട്ടോർകാറിന്റെ ഉപയോഗം നടക്കും. ചിലവ് കുറവ് ഇന്ധനം വേണ്ട വായു മലിനീകരണം ഇല്ല തുടങ്ങിയ ഗുണങ്ങളുമുണ്ട്.

## വനനശീകരണം തന്നെ കാരണം

ഓക്സഫോർഡ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ആഗോള വനമേലാപ്പ് പഠനപദ്ധതി (global canopy programme) കണ്ടെത്തുന്നത് വനങ്ങൾ ജീൻ സഞ്ചയങ്ങൾ മാത്രമല്ല കാർബൺ സംഭരണികൾ കൂടിയാണെന്നാണ്. അതുകൊണ്ട് തന്നെ ഭൂമിയുടെ താപം വർദ്ധിപ്പിക്കുന്ന ഹരിത ഗൃഹവാതകങ്ങളുടെ 25 ശതമാനവും വനനശീകരണവും കാട്ടുതീയും കാരണമുണ്ടാകുന്നവയാണ്. ഗതാഗതവും വ്യവസായങ്ങളും പുറംതള്ളുന്നത് 14 ശതമാനവും.

## ബിവേർ ഓഫ് മീഡിയ

ദുരന്തങ്ങൾ അവയുടെ സൂക്ഷ്മമായ വിശദാംശങ്ങൾ യാതൊതു വിവേചന വും കൂടാതെ ദൃശ്യമാധ്യമങ്ങൾ പകർന്ന് തരുമ്പോൾ അത് അതേപടിതന്നെ വിവേചനമില്ലാതെ കാണുന്നവരാണെങ്കിൽ കരുതുക! അത്തരം ദൃശ്യങ്ങൾ നിരന്തരം കണ്ടാൽ കടുത്ത മാനസികാഘാതം ഉണ്ടാവുമെന്ന് മന:ശാസ്ത്രജ്ഞനായ ഗ്യാരി ഗ്രീൻസ് ബർഗ് പറയുന്നു. കുട്ടികളെ ഒരു കാരണവശാലും ഇത്തരം ദൃശ്യങ്ങൾ കാണിക്കരുത്. സുഡാനിലെ ആഭ്യന്തര യുദ്ധകാലത്ത് വിശന്ന് മരിക്കാറായ കുട്ടിയെ ഭക്ഷണമാക്കാൻ ഒരുങ്ങുന്ന കഴുകന്റെ പടമെടുത്ത കെവിൻ കാർട്ടർ ഒടുവിൽ മാനസിക നിലതെറ്റിയാണ് മരിച്ചത്.

## വരുന്നു സോളാർ റിക്ഷ!

ഇന്ത്യയിൽ സൈക്കിൾ റിക്ഷകൾ സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന കാലം ഇതാ വന്നെത്തിയിരക്കുന്നു. ഡൽഹിയിൽ ഈയിടെ നിരത്തിലിറങ്ങിയ സോളാറിക്ഷാ എന്ന സൈക്കിൾ റിക്ഷയിൽ സൗരോർജ്ജം കൊണ്ട് പ്രവർത്തിപ്പിക്കുന്ന മോട്ടോർ ഘടിപ്പിച്ചിട്ടുണ്ട്. മൊബൈൽ ചാർജ് ചെയ്യാനുള്ള പവർ പോയിന്റ് എഫ്.എം. റേഡിയോ തുടങ്ങിയ സൗകര്യങ്ങളുണ്ട് 36 വോൾട്ടിലുള്ള സോളാർ ബാറ്ററികൊണ്ട് 50 മുതൽ 70 വരെ കിലോമീറ്റർ ദൂരം യാത്രെചയ്യാം. പുകമാലിന്യം ശബ്ദമാലിന്യം ഒന്നും ഇല്ലാതാവും ഇന്ത്യയിൽ എല്ലാഭാഗത്തും പരീക്ഷിക്കാവുന്ന ഒരു മാതൃകയാണിത്.

**Little Masika** February 2009 Postal Reg.No. KL/MJI/82/2007-2009.RN 67322 / 94 Registered with the Registrar of News Papers for India New Delhi Rs. 6.50

# വേണമെങ്കിൽ കോളീഫ്ളവറും കാബേജും വരെ.........

വേണമെങ്കിൽ കോളീഫ്ളവറും കാബേജും വരെ കായ്ക്കും നമ്മുടെ മണ്ണിൽ എന്ന് തെളിയിക്കുകയാണ് ചുങ്കത്തറ എം.പി.എം ഹയർസെക്കൻഡറി സ്കുളിലെ വിദ്യാർത്ഥികൾ ആരംഭിച്ച ഹരിത കുട്ടുകൃഷി.....





കുട്ടികൾ കൃഷിയിടത്തിലേക്ക് ഇറങ്ങുന്നതിന്റെ ധാരാളം ഉദാഹരണങ്ങൾ നമുക്ക് മുമ്പിലുണ്ട്. വിദ്യാലയത്തിലെ ഹരിത ഇക്കോ ക്ലബിന്റെ കീഴിൽ രൂപീകരിച്ച *ഹരിത കുട്ടി കൂട്ടുകൃഷി* പദ്ധതിയിലൂടെ ചുങ്കത്തറ എം.പി.എം ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികൾ മാതൃകയാവുന്നു.

വെണ്ടയും, ചീരയും, പാവലും എന്നു തുടങ്ങി കേരളത്തിൽ സുലഭമല്ലാത്ത കോളി ഫ്ളവറും കാബേജും വരെ പൂർണ്ണമായും ജൈവകൃഷി അവലംബിച്ചുകൊണ്ട് വിളഞ്ഞ് കിടക്കുന്നത് ആഹ്ളാദകരമായ കാഴ്ചതന്നെയാണ്. ഇക്കഴിഞ്ഞ ജനുവരി 27ന് വിപുലമായ തോതിൽ വിളവെടുപ്പ് ഉൽസവും നടത്തി. ആഴ്ച്ചയിൽ രണ്ട് ദിവസം ഉൽപ്പാദിപ്പിച്ചവ പച്ചക്കറി ഇനങ്ങളുടെ പരസ്യവിൽപ്പനയും ഒരുക്കിയിട്ടുണ്ട്. പ്രദേശത്തെ വീടുകളിൽ ജൈവകൃഷി സമ്പ്രദായത്തിൽ മാതൃകാ പച്ചക്കറിത്തോട്ടം ഉണ്ടാക്കിയെടുക്കുന്നതിന് സഹായിക്കുന്നതിന് കുട്ടികൾ തയ്യാറെടുക്കുകയാണ്. വിത്തുകളും മറ്റ് സാങ്കേ തിക സഹായങ്ങൾക്കും ആർക്കും എപ്പോഴും സ്കൂളിലെത്താം. സഹായി ക്കാൻ ഹരിത കുട്ടി കൂട്ടുകൃഷി പ്രവർത്തകർ റെഡി.

സർക്കാർ പണം മുടക്കി തെരെഞ്ഞെടുത്ത ഏതാനും സ്കൂളുകളിൽ പച്ചകൃഷിത്തോട്ടം ഉണ്ടാക്കുന്നതിന് പ്രോത്സാഹനം ചെയ്യുന്നുണ്ടെങ്കിലും അത്തരം സ്കൂളിൽ നാമമാത്രമായ രീതിയിലെ കൃഷി ഉള്ളൂ എന്നും സർക്കാർ അവാർഡുകൾക്കും മറ്റുമൊക്കെ തിരഞ്ഞെടുക്കപ്പെട്ട സർക്കാർ ഗ്രാന്റ് കൊടുക്കുന്ന സ്ഥാപനങ്ങളെ മാത്രമെ പരിഗണിക്കുന്നുള്ളൂ എന്ന് ഈ വിദ്യാലയത്തിലെ കുട്ടികൃഷിക്കാർക്ക് പരാതിയുണ്ട്.



Edited Printed, Published and owned by Biju John published at Chungathara and printed at Co-op Press, Chungathara